That's a new car and that brick you threw is going to cost a lot of money. Why did you do it?" The young boy was apologetic. "Please mister ... please, I'm sorry... I didn't know what else to do," he pleaded. "I threw the brick because no one else would stop..." With tears dripping down his face and off his chin, the youth pointed to a spot just around a parked car. "It's my brother," he said. "He rolled off the curb and fell out of his wheelchair and I can't lift him up." Now sobbing, the boy asked the stunned executive, "Would you please help me get him back into his wheelchair? He's hurt and he's too heavy for me." Moved beyond words, the driver tried to swallow the rapidly swelling lump in his throat. He hurriedly lifted the handicapped boy back into the wheelchair, then took out his fancy handkerchief and dabbed at the fresh scrapes and cuts. A quick look told him everything was going to be okay. "Thank you and may God bless you," the grateful child told the stranger. Too shook up for words, the man simply watched the little

boy push his wheelchair-bound brother down the
side walk toward their home. It was a long, slow walk back to the Jaguar. The damage was very noticeable, but the driver never bothered to repair the dented side door. He kept the dent there to remind him of this message: Don't go through life so fast that someone has to throw a brick at you to get your attention! God whispers in our souls and speaks to our hearts. Sometimes when we don't have time to listen, He has to throw a brick at us. It's our choice: Listen to the whisper ... or wait for the brick!

*SHORT STORY*

# WIT AND WISDOM

Archbishop Angelo Roncalli (later, Pope Saint John XXIII, 1881-1963),had a keen sense of humour, even while holding positions of authority. His humour, openness, generosity,

warmth and wisdom, made many people loved and called him, ‘Good Pope John’. He was canonized on 27th April 2014.

Once he greeted a lean and ascetic-looking visitor with sigh and the comment: “we will have to say a prayer to God, beseeching him to remove half my excess fat to give it to you! “How many people work at the vatican?” a reporter once asked him. “Oh, no more than half of them,” the Pope replied with a wink. When a cardinal complained to Pope John that a rise in Vatican salaries meant a particular worker earned as much as cardinal, the Pope remarked: “That man as 10 children; I hope a cardinal doesn’t have any.”

On another occasion, a prelate of the Curia of Vatican told the Pope that it would be “absolutely impossible” to open the Second Vatican Council by 1963. “Fine, we’ll open it in 1962,” Pope John answered. And they did it.

When reminded that bt protocol the Pope has to dine alone, he would appear like a seminarian under punishment. He said, “I have read the Gospel over carefully without finding a single passage with prescribes that one should eat alone. Jesus loved to eat in company.”

*SHORT STORY*

# WORK IS WORSHIP

One fine sunny day in winter, a grasshopper was basking in the warm sun. But he was very hungry, as he had not eaten anything since last night. So, he looked about to find something to soothe his hunger. Suddenly, he saw few ants carrying grains into their hole. He went up to the ants and asked humbly, "Can you, please, spare few grains for me. I haven't eaten anything since yesterday. So, I am almost starving to death." One of the

ants asked the grasshopper, "What were you doing the whole summer? Why didn't you store up the food for the winter season?" The grasshopper replied, "Truly speaking, I spent all the summer singing songs and that's why I couldn't store anything." The ant chucked out a smile and remarked, "Then dance the winter away." The grasshopper pulled a long face and walked away. So we say "Work is real worship".

---

*SHORT STORY*

# അഞ്ച് മലകൾക്കപ്പുറം

യാത്രകളോട് എന്നും എനിക്ക് പ്രണയമാണ്. ആഗ്രഹം ഉണ്ട് അദ്ദേഹത്തിന്റെ കൂടെ യാത്രകൾ പോകണം എന്ന്. ഇതുവരെ അത് സാധിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം അത് തീർച്ചയാണ്. എന്നെ ഒരു സ്വപ്നസഞ്ചാരിയാക്കിയത് അദ്ദേഹമാണെന്നൊരു തോന്നൽ. അല്ലെങ്കിലൊരിക്കലും, ചില

**ഊഹാപോഹങ്ങളുടെയും ഓർമകളുടെയൊക്കെ പേരിൽ ഞാനീ സഞ്ചാരം തുടരുകയില്ലല്ലോ.**

**എവിടെനിന്നാണ് യാത്ര തുടങ്ങിയതെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഒരുപാട് ദേശങ്ങൾ താണ്ടി. ആർക്കുമറിയാത്ത വഴികളിലൂടെയുള്ള സഞ്ചാരം. പരിചിതമല്ലാത്ത കാടുകളും മനുഷ്യരും. ബസ്സിലായിരുന്നു മിക്കവാറും യാത്രകളും. ഇന്നിപ്പോൾ രാത്രി ഏറെ ഇരുട്ടിയിരിക്കുന്നു. അകലെക്കാണുന്ന ഗ്രാമങ്ങളിൽ അണഞ്ഞും തെളിഞ്ഞും മിന്നമിന്നിയെപ്പോലെ ചെറുവിളക്കുകൾ കാണാം. അകലങ്ങളിലേക്ക് വണ്ടിയോടുമ്പോൾ പിന്നിലായ വിളക്കുകൾ മങ്ങിമറയും. ബസ്സിന്റെ സഞ്ചാരവേഗതയിൽ ജനലിലൂടെ അകത്തേക്ക് കടന്നുവരുന്ന ചെറുതണുപ്പുള്ള കാറ്റ് എന്റെ നിറുകയിലേക്ക് ഉയർന്നുകിടന്ന മുടിയിഴകളെ തഴുകിക്കടന്നുപോയി. തണുത്ത കാറ്റിന്റെ മൂളലിൽ ചെവിയിൽ ആരോ മന്ത്രിക്കുന്നതുപോലെ. വഴിയോരത്ത് വിടർന്നു നിന്ന കാട്ടുചെമ്പകപ്പൂക്കളെ നോക്കി ബസ്സിന്റെ ജാലകപ്പടിയിൽ തലചായ്ച്ച് കുറേനേരം കാറ്റിന്റെ കിന്നാരത്തിന് ചെവികൊടുത്തു. പതിയെ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതിവീണു.**

**കോടമഞ്ഞിന്റെ ഇടയിലൂടെ ഒളിച്ചെത്തിയ സൂര്യകിരണങ്ങൾ മെല്ലെ എന്റെ കവിളിൽ ചുംബിച്ചു. പുറത്തേക്ക് നോക്കിയപ്പോൾ കണ്ണെത്താ ദൂരത്ത് കോടമഞ്ഞിൽ മൂടിയ മലനിരകൾ. വഴിയോരത്ത് തലയുയർത്തി നിൽക്കുന്ന കരിംപാറക്കൂട്ടങ്ങൾ. അകലെ താഴ്വാരങ്ങളിൽ ചെങ്കല്ലിന്റെ നിറമുള്ള മണ്ണ്. ചോരവീണ നനഞ്ഞുചുവന്ന ചരിത്രമുറങ്ങുന്ന മാന്ത്രിക നഗരം. ഹംപി! തകർന്നമണ്ണടിഞ്ഞ സാമ്രാജ്യത്തിന്റെ ഒരറ്റത്തുനിൽക്കുമ്പോൾ മറ്റൊരറ്റത് അദ്ദേഹമുണ്ട് എന്ന് മനസ്സ് പറയുന്നു. നിണമൊഴുകിയ ഹംപിയുടെ കൽക്കെട്ടുകളിലൂടെ ഞാൻ യാത്ര തുടർന്നു. ദിവരാത്രങ്ങൾ കൊഴിഞ്ഞകന്നു. ഞാൻ നടത്തം തുടരുകയാണ്. പൊട്ടിപ്പൊളിഞ്ഞടർന്ന കൊട്ടാരക്കെട്ടുകൾ, പ്രതിഷ്ഠകൾ ഉത്തെറിയപ്പെട്ട ശ്രീകോവിലുകൾ, പ്രണയിനിയെക്കാത്ത് ജന്മാന്തരങ്ങളായി തപം ചെയ്യുന്ന കൽത്തൂണുകൾ. ഇവയെ എല്ലാം പിന്നിട്ട് മുന്നോട്ട് നടന്നെത്തിയത്ത് വാതിലുകളില്ലാത്ത ഒരു കൂറ്റൻ കവാടത്തിന്റെ മുന്നിലാണ്. ആശ്ചര്യത്തോടെ ഞാനൊരല്പനേരം ചുറ്റും നോക്കിനിന്നു. അപ്പോളാണ് ആ തുറന്ന കവാടത്തിനപ്പുറം ഞാൻ ആ കാഴ്ച കണ്ടത്. കുറച്ചകലെ പച്ചപ്പുൽത്തകിടിയിൽ സായാഹ്നസൂര്യന്റെ വെയിൽകാഞ്ഞ് മേയുന്നൊരു**

**കുതിരക്കൂട്ടം. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. പെട്ടെന്ന് ആരൊ നടന്നുവരുന്ന ശബ്ദം. ചുറ്റും നോക്കി, ആരുമില്ല. ഞാനൊരല്പം മുന്നോട്ട് നടന്നു. അയാൾ എന്റെ നേരെ നടന്നടുക്കുകയാണ്. ഞാൻ ഒന്നുറച്ചു നോക്കി. പെട്ടന്ന് ശ്വാസം നിലച്ചതുപോലെ. അടുത്തെത്തിയപ്പോഴാണ് അദ്ദേഹം ഒരു വൃദ്ധസന്യാസിയായിരുന്നു എന്നു മനസ്സിലായത്. ആശ്വാസം തോന്നി. ഒരുപാട് നേരത്തിനുശേഷം ഒരു മനുഷ്യജീവനെ കണ്ടു. ആ വൃദ്ധൻ എന്നോട് എങ്ങോട്ടേക്കാണെന്ന് ചോദിച്ചു. എനിക്കൊരുത്തരമില്ലായിരുന്നു. എന്റേത് നിശ്ചയമില്ലാത്ത യാത്രയാണെന്ന് അദ്ദേഹം ഒരുപക്ഷെ മനസിലാക്കിയിരിക്കണം. യാത്രകളോട് എന്നും എനിക്ക് പ്രണയമാണ്. ആഗ്രഹം ഉണ്ട് അദ്ദേഹത്തിന്റെ കൂടെ യാത്രകൾ പോകണം എന്ന്. ഇതുവരെ അത് സാധിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം അത് തീർച്ചയാണ്. എന്നെ ഒരു സ്വപ്നസഞ്ചാരിയാക്കിയത് അദ്ദേഹമാണെന്നൊരു തോന്നൽ. അല്ലെങ്കിലൊരിക്കലും, ചില ഊഹാപോഹങ്ങളുടെയും ഓർമകളുടെയൊക്കെ പേരിൽ ഞാനീ സഞ്ചാരം തുടരുകയില്ലല്ലോ. എവിടെനിന്നാണ് യാത്ര തുടങ്ങിയതെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഒരുപാട് ദേശങ്ങൾ**

**താണ്ടി. ആർക്കുമറിയാത്ത വഴികളിലൂടെയുള്ള സഞ്ചാരം. പരിചിതമല്ലാത്ത കാടുകളും മനുഷ്യരും. ബസ്സിലായിരുന്ന മിക്കവാറും യാത്രകളും. ഇന്നിപ്പോൾ രാത്രി ഏറെ ഇരുട്ടിയിരിക്കുന്നു. അകലെക്കാണുന്ന ഗ്രാമങ്ങളിൽ അണഞ്ഞും തെളിഞ്ഞും മിന്നമിന്നിയെപ്പോലെ ചെറുവിളക്കുകൾ കാണാം. അകലങ്ങളിലേക്ക് വണ്ടിയോടുമ്പോൾ പിന്നിലായ വിളക്കുകൾ മങ്ങിമറയും. ബസ്സിന്റെ സഞ്ചാരവേഗതയിൽ ജനലിലൂടെ അകത്തേക്ക് കടന്നുവരുന്ന ചെറുതണുപ്പുള്ള കാറ്റ് എന്റെ നിറുകയിലേക്ക് ഉയർന്നുകിടന്ന മുടിയിഴകളെ തഴുകിക്കടന്നുപോയി. തണുത്ത കാറ്റിന്റെ മൂളലിൽ ചെവിയിൽ ആരോ മന്ത്രിക്കുന്നതുപോലെ. വഴിയോരത്ത് വിടർന്നു നിന്ന കാട്ടുചെമ്പകപ്പൂക്കളെ നോക്കി ബസ്സിന്റെ ജാലകപ്പടിയിൽ തലചായ്ച്ച് കുറേനേരം കാറ്റിന്റെ കിന്നാരത്തിന് ചെവികൊടുത്തു. പതിയെ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതിവീണു.**

**കോടമഞ്ഞിന്റെ ഇടയിലൂടെ ഒളിച്ചെത്തിയ സൂര്യകിരണങ്ങൾ മെല്ലെ എന്റെ കവിളിൽ ചുംബിച്ചു. പുറത്തേക്ക് നോക്കിയപ്പോൾ കണ്ണെത്താ ദൂരത്ത് കോടമഞ്ഞിൽ മൂടിയ മലനിരകൾ. വഴിയോരത്ത് തലയുയർത്തി നിൽക്കുന്ന കരിംപാറക്കൂട്ടങ്ങൾ.**

**അകലെ താഴ്‌വാരങ്ങളിൽ ചെങ്കല്ലിന്റെ നിറമുള്ള മണ്ണ്. ചോരവീണ നനഞ്ഞുചുവന്ന ചരിത്രമുറങ്ങുന്ന മാന്ത്രിക നഗരം. ഹംപി! തകർന്നമണ്ണടിഞ്ഞ സാമ്രാജ്യത്തിന്റെ ഒരറ്റത്തുനിൽക്കുമ്പോൾ മറ്റൊരറ്റത് അദ്ദേഹമുണ്ട് എന്ന് മനസ്സ് പറയുന്നു. നിണമൊഴുകിയ ഹംപിയുടെ കൽക്കെട്ടുകളിലൂടെ ഞാൻ യാത്ര തുടർന്നു. ദിവരാത്രങ്ങൾ കൊഴിഞ്ഞകന്നു. ഞാൻ നടത്തം തുടരുകയാണ്. പൊട്ടിപ്പൊളിഞ്ഞടർന്ന കൊട്ടാരക്കെട്ടുകൾ, പ്രതിഷ്ഠകൾ ഉത്തെറിയപ്പെട്ട ശ്രീകോവിലുകൾ, പ്രണയിനിയെക്കാത്ത് ജന്മാന്തരങ്ങളായി തപം ചെയ്യുന്ന കൽത്തൂണുകൾ. ഇവയെ എല്ലാം പിന്നിട്ട് മുന്നോട്ട് നടന്നെത്തിയത് വാതിലുകളില്ലാത്ത ഒരു കൂറ്റൻ കവാടത്തിന്റെ മുന്നിലാണ്. ആശ്ചര്യത്തോടെ ഞാനൊരല്പനേരം ചുറ്റം നോക്കിനിന്നു. അപ്പോളാണ് ആ തുറന്ന കവാടത്തിനപ്പുറം ഞാൻ ആ കാഴ്ച കണ്ടത്. കുറച്ചകലെ പച്ചപ്പുൽത്തകിടിയിൽ സായാഹ്നസൂര്യന്റെ വെയിൽകാഞ്ഞ് മേയുന്നൊരു കുതിരക്കൂട്ടം. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. പെട്ടെന്ന് ആരൊ നടന്നുവരുന്ന ശബ്ദം. ചുറ്റം നോക്കി, ആരുമില്ല. ഞാനൊരല്പം മുന്നോട്ട് നടന്നു. അയാൾ എന്റെ നേരെ നടന്നടുക്കുകയാണ്. ഞാൻ ഒന്നുറച്ചു നോക്കി. പെട്ടന്ന് ശ്വാസം നിലച്ചതുപോലെ.**

**അടുത്തെത്തിയപ്പോഴാണ് അദ്ദേഹം ഒരു വൃദ്ധസന്യാസിയായിരുന്നു എന്നു മനസ്സിലായത്. ആശ്വാസം തോന്നി. ഒരുപാട് നേരത്തിനുശേഷം ഒരു മനുഷ്യജീവനെ കണ്ടു. ആ വൃദ്ധൻ എന്നോട് എങ്ങോട്ടേക്കാണെന്ന് ചോദിച്ചു. എനിക്കൊരുത്തരമില്ലായിരുന്നു. എന്റേത് നിശ്ചയമില്ലാത്ത യാത്രയാണെന്ന് അദ്ദേഹം ഒരുപക്ഷെ മനസിലാക്കിയിരിക്കണം.**

**"എന്റെ കൂടെ വരൂ... സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. ഇവിടെ ഒരുപാട് നേരം നിൽക്കണ്ട", എന്ന് മാത്രം പറഞ്ഞുകൊണ്ട് സന്യാസി മുന്നോട്ട് നടന്നു. ഞാൻ അയാളെ പിൻതുടർന്നു. പാറക്കെട്ടുകൾക്കിടയിലുള്ള ഒരു ചെറിയ മന്ദിരത്തിന്റെ മുമ്പിൽ അയാൾ എത്തി. തൊട്ടരികിൽ ഇലകൾ പൊഴിഞ്ഞ ഒരു വൃക്ഷം, അതിനു താഴെ ചെറിയ തടാകം. സൂര്യൻ പൂർണമായും അസ്തമിച്ചിരിക്കുന്നു. എന്നിട്ടും ആകാശത്തിന്റെ പലയിടങ്ങളിലായി വർണങ്ങൾ ചിതറികിടക്കുന്നതുപോലെ.**

**"മുമ്പിവിടെ കണ്ടിട്ടില്ലല്ലൊ... സഞ്ചാരി ആയിരിക്കും അല്ലെ." അതെ എന്നെ മട്ടിൽ ഞാൻ തലയനക്കി.**

**"ഈ പ്രദേശത്തൊന്നും അങ്ങനെ ആരും വരാറില്ല... ഇരുട്ട് വീണുകഴിഞ്ഞാൽ പലരേയും ആ കാണുന്ന താഴ്ന്ന പ്രദേശത്തു നിന്നും കാണാതാവും. എങ്ങനെയാണെന്നറിയില്ല. അതുകൊണ്ടാണ് ഞാൻ ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നത്". അതുകേട്ടപ്പോൾ എന്റെ കണ്ണുകൾ അമ്പരന്നു.**

**"ശാപം പിടിച്ച ദേശമാണിത്. വർഷങ്ങൾക്കുമുമ്പ് ശിഥിലമായിപ്പോയ ഈ സാമ്രാജ്യം ആയിരക്കണക്കിന് ആത്മാക്കളുടെ വിഹാരകേന്ദ്രമാണെന്നാണ് വിശ്വാസം. ഇവിടെ കാറ്റിന് ചിലപ്പോൾ രക്തത്തിന്റെ ഗന്ധമാണ്. ഇരുട്ട് വീണാൽ ഈ ദേശം വെറുമൊരു മായക്കാഴ്ചയാണ്. കിടന്നോളൂ..നേരം ഒരുപാട് വൈകിയിരിക്കുന്നു".**

**ഉള്ളിൽ ചൂഴ്ന്നിറങ്ങുന്ന ഒരു ഭയം തോന്നി. ഞാൻ മെല്ലെ അമ്പലത്തിന്റെ ഒരു മൂലയിൽ ചുരുണ്ടുകൂടി കിടന്നു. ആകാശം നിറയെ നക്ഷത്രങ്ങൾ. പൗർണ്ണമിയുടെ നിലാവിൽ അടുത്തുള്ള തടാകം വെട്ടിത്തിളങ്ങി. അതിന്റെ ഭംഗി ആസ്വദിച്ച് ഭയം ഉള്ളിലടക്കി ഞാൻ ഉറങ്ങാൻ ശ്രമിച്ചു. ഒന്നും കാണാൻ കഴിയുന്നില്ല. ചുറ്റും കൂരാകൂരിരുട്ട്. കുതിരക്കുളമ്പിന്റെ ശബ്ദം കേൾക്കുന്നുണ്ട് ഓരോ നിമിഷം കഴിയും തോറും. ശബ്ദം അടുത്തേക്ക് വന്നുകൊണ്ടേയിരുന്നു. പെട്ടെന്നാരോ കൈകളിൽ**

സ്പർശിച്ച എന്റെ പേര് വിളിച്ചു. ശ്വാസം ഉള്ളിലേക്കെടുക്കാൻ ശ്രമിച്ചു, ഒച്ച പുറത്തേക്കുവരുന്നില്ല. ഞാൻ ഞെട്ടിയെഴുന്നേറ്റു, സ്വപ്നമായിരുന്നു.

എഴുന്നേറ്റ് ചുറ്റും നോക്കി. സൂര്യൻ ഉദിക്കാറായിരിക്കുന്നു, വൃദ്ധന്റെ ഒരു പൊടിപോലുമില്ല, മരവും തടാകവും കാണുന്നില്ല. എന്റെ കണ്ണുകളിൽ ഭയം നിറഞ്ഞു. വൃദ്ധന്റെ വാക്കുകൾ വീണ്ടും ചെവിയിൽ പ്രത്യധ്വാനിച്ചു.. "ഇരുട്ട് വീണാൽ ഈ ദേശം വെറും മായക്കാഴ്ചയാണ്". അപ്പോൾ അദ്ദേഹം? മറ്റൊന്നും നോക്കിയില്ല ഞാൻ മന്ദിരത്തിന്റെ പുറത്തേക്കിറങ്ങിയോടി. ഓടിത്തളർന്നു. ഇനി വയ്യ എന്ന് ചിന്തിച്ചുനിൽക്കുമ്പോൾ കുറച്ചപ്പുറത്ത് വാഹനങ്ങൾ വന്നുപോകുന്നതുപോലെ തോന്നി. അല്പം മുമ്പിലേക്ക് നടന്നു, വരണ്ട ആ പ്രദേശത്തെ കുറ്റികാടുകൾക്കപ്പുറം ഞാൻ നിരത്ത് കണ്ടു. ഓടി ചെന്നു, അകലെ നിന്നൊരു ചെറിയ ബസ്സ് വരുന്നത് കണ്ടു, കൈകാണിച്ചു. നിർത്തുമെന്ന് യാതൊരുറപ്പുമില്ലായിരുന്നു. ബസ്സ് നിർത്തിയതും ഞാൻ ചാടിക്കയറി. അതിലുണ്ടായ ഏതാനും യാത്രക്കാർ ഒരത്ഭുതജീവിയെ കണ്ടത് പോലെ എന്നെ നോക്കി. പിറകുവശത്ത് ഒരൊഴിഞ്ഞ സീറ്റിൽ

**പോയി ഇരുന്നു. കൈകൾ കൊണ്ട് മുഖം മറച്ചുപിടിച്ച് എന്താണ് സംഭവിച്ചതെന്ന് ആലോചിക്കാൻ ശ്രമിച്ചു. ഭയം എന്ന വികാരം മനസ്സിൽ ഒരു വലയം തീർത്തുകഴിഞ്ഞിരുന്നു. വൃദ്ധന്റെ മുഖം മനസ്സിൽ നിന്നും പോകുന്നില്ല. കണ്ണുകൾ തുറന്ന് ഞാൻ അമ്പരപ്പോടെയിരുന്നു.യാത്രകളോട് എന്നും എനിക്ക് പ്രണയമാണ്. ആഗ്രഹം ഉണ്ട് അദ്ദേഹത്തിന്റെ കൂടെ യാത്രകൾ പോകണം എന്ന്. ഇതുവരെ അത് സാധിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം അത് തീർച്ചയാണ്. എന്നെ ഒരു സ്വപ്നസഞ്ചാരിയാക്കിയത് അദ്ദേഹമാണെന്നൊരു തോന്നൽ. അല്ലെങ്കിലൊരിക്കലും, ചില ഊഹാപോഹങ്ങളുടെയും ഓർമകളുടെയൊക്കെ പേരിൽ ഞാനീ സഞ്ചാരം തുടരുകയില്ലല്ലോ.**

**എവിടെനിന്നാണ് യാത്ര തുടങ്ങിയതെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഒരുപാട് ദേശങ്ങൾ താണ്ടി. ആർക്കുമറിയാത്ത വഴികളിലൂടെയുള്ള സഞ്ചാരം. പരിചിതമല്ലാത്ത കാടുകളും മനുഷ്യരും. ബസ്സിലായിരുന്നു മിക്കവാറും യാത്രകളും. ഇന്നിപ്പോൾ രാത്രി ഏറെ ഇരുട്ടിയിരിക്കുന്നു. അകലെക്കാണുന്ന ഗ്രാമങ്ങളിൽ അണഞ്ഞും തെളിഞ്ഞും മിന്നമിന്നിയെപ്പോലെ ചെറുവിളക്കുകൾ**

കാണാം. അകലങ്ങളിലേക്ക് വണ്ടിയോടുമ്പോൾ പിന്നിലായ വിളക്കുകൾ മങ്ങിമറയും. ബസ്സിന്റെ സഞ്ചാരവേഗതയിൽ ജനലിലൂടെ അകത്തേക്ക് കടന്നുവരുന്ന ചെറുതണുപ്പുള്ള കാറ്റ് എന്റെ നിറുകയിലേക്ക് ഉയർന്നുകിടന്ന മുടിയിഴകളെ തഴുകിക്കടന്നുപോയി. തണുത്ത കാറ്റിന്റെ മൂളലിൽ ചെവിയിൽ ആരോ മന്ത്രിക്കുന്നതുപോലെ. വഴിയോരത്ത് വിടർന്നു നിന്ന കാട്ടുചെമ്പകപ്പൂക്കളെ നോക്കി ബസ്സിന്റെ ജാലകപ്പടിയിൽ തലചായ്ച്ച് കുറേനേരം കാറ്റിന്റെ കിന്നാരത്തിന് ചെവികൊടുത്തു. പതിയെ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതിവീണു.

കോടമഞ്ഞിന്റെ ഇടയിലൂടെ ഒളിച്ചെത്തിയ സൂര്യകിരണങ്ങൾ മെല്ലെ എന്റെ കവിളിൽ ചുംബിച്ചു. പുറത്തേക്ക് നോക്കിയപ്പോൾ കണ്ണെത്താ ദൂരത്ത് കോടമഞ്ഞിൽ മൂടിയ മലനിരകൾ. വഴിയോരത്ത് തലയുയർത്തി നിൽക്കുന്ന കരിംപാറക്കൂട്ടങ്ങൾ. അകലെ താഴ്‌വാരങ്ങളിൽ ചെങ്കല്ലിന്റെ നിറമുള്ള മണ്ണ്. ചോരവീണു നനഞ്ഞുചുവന്ന ചരിത്രമുറങ്ങുന്ന മാന്ത്രിക നഗരം. ഹംപി! തകർന്നുമണ്ണടിഞ്ഞ സാമ്രാജ്യത്തിന്റെ ഒരറ്റത്തുനിൽക്കുമ്പോൾ മറ്റൊരറ്റത് അദ്ദേഹമുണ്ട് എന്ന് മനസ്സ് പറയുന്നു. നിണമൊഴുകിയ ഹംപിയുടെ കൽക്കെട്ടുകളിലൂടെ

**ഞാൻ യാത്ര തുടർന്നു. ദിവരാത്രങ്ങൾ കൊഴിഞ്ഞകന്നു. ഞാൻ നടത്തം തുടരുകയാണ്. പൊട്ടിപ്പൊളിഞ്ഞടർന്ന കൊട്ടാരക്കെട്ടുകൾ, പ്രതിഷ്ഠകൾ ഉത്തെറിയപ്പെട്ട ശ്രീകോവിലുകൾ, പ്രണയിനിയെക്കാത്ത് ജന്മാന്തരങ്ങളായി തപം ചെയ്യുന്ന കൽത്തൂണുകൾ. ഇവയെ എല്ലാം പിന്നിട്ട് മുന്നോട്ട് നടന്നെത്തിയത്ത് വാതിലുകളില്ലാത്ത ഒരു കൂറ്റൻ കവാടത്തിന്റെ മുന്നിലാണ്. ആശ്ചര്യത്തോടെ ഞാനൊരല്പനേരം ചുറ്റും നോക്കിനിന്നു. അപ്പോളാണ് ആ തുറന്ന കവാടത്തിനപ്പുറം ഞാൻ ആ കാഴ്ച കണ്ടത്. കുറച്ചകലെ പച്ചപ്പുൽത്തകിടിയിൽ സായാഹ്നസൂര്യന്റെ വെയിൽകാഞ്ഞ് മേയുന്നൊരു കുതിരക്കൂട്ടം. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. പെട്ടെന്ന് ആരൊ നടന്നുവരുന്ന ശബ്ദം. ചുറ്റും നോക്കി, ആരുമില്ല. ഞാനൊരല്പം മുന്നോട്ട് നടന്നു. അയാൾ എന്റെ നേരെ നടന്നടുക്കുകയാണ്. ഞാൻ ഒന്നുറച്ചു നോക്കി. പെട്ടന്ന് ശ്വാസം നിലച്ചതുപോലെ. അടുത്തെത്തിയപ്പോഴാണ് അദ്ദേഹം ഒരു വൃദ്ധസന്യാസിയായിരുന്നു എന്നു മനസ്സിലായത്. ആശ്വാസം തോന്നി. ഒരുപാട് നേരത്തിനുശേഷം ഒരു മനുഷ്യജീവനെ കണ്ടു. ആ വൃദ്ധൻ എന്നോട് എങ്ങോട്ടേക്കാണെന്ന് ചോദിച്ചു. എനിക്കൊരുത്തരമില്ലായിരുന്നു. എന്റേത്**

**നിശ്ചയമില്ലാത്ത യാത്രയാണെന്ന് അദ്ദേഹം ഒരുപക്ഷെ മനസിലാക്കിയിരിക്കണം.**

**യാത്രകളോട് എന്നും എനിക്ക് പ്രണയമാണ്. ആഗ്രഹം ഉണ്ട് അദ്ദേഹത്തിന്റെ കൂടെ യാത്രകൾ പോകണം എന്ന്. ഇതുവരെ അത് സാധിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം അത് തീർച്ചയാണ്. എന്നെ ഒരു സ്വപ്നസഞ്ചാരിയാക്കിയത് അദ്ദേഹമാണെന്നൊരു തോന്നൽ. അല്ലെങ്കിലൊരിക്കലും, ചില ഊഹാപോഹങ്ങളുടെയും ഓർമകളുടെയൊക്കെ പേരിൽ ഞാനീ സഞ്ചാരം തുടരുകയില്ലല്ലോ.**

**എവിടെനിന്നാണ് യാത്ര തുടങ്ങിയതെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഒരുപാട് ദേശങ്ങൾ താണ്ടി. ആർക്കുമറിയാത്ത വഴികളിലൂടെയുള്ള സഞ്ചാരം. പരിചിതമല്ലാത്ത കാടുകളും മനുഷ്യരും. ബസ്സിലായിരുന്നു മിക്കവാറും യാത്രകളും. ഇന്നിപ്പോൾ രാത്രി ഏറെ ഇരുട്ടിയിരിക്കുന്നു. അകലെക്കാണുന്ന ഗ്രാമങ്ങളിൽ അണഞ്ഞും തെളിഞ്ഞും മിന്നമിന്നിയെപ്പോലെ ചെറുവിളക്കുകൾ കാണാം. അകലങ്ങളിലേക്ക് വണ്ടിയോടുമ്പോൾ പിന്നിലായ വിളക്കുകൾ മങ്ങിമറയും. ബസ്സിന്റെ സഞ്ചാരവേഗതയിൽ ജനലിലൂടെ അകത്തേക്ക് കടന്നുവരുന്ന ചെറുതണുപ്പുള്ള കാറ്റ് എന്റെ**

നിറുകയിലേക്ക് ഉയർന്നുകിടന്ന മുടിയിഴകളെ തഴുകിക്കടന്നുപോയി. തണുത്ത കാറ്റിന്റെ മൂളലിൽ ചെവിയിൽ ആരോ മന്ത്രിക്കുന്നതുപോലെ. വഴിയോരത്ത് വിടർന്നു നിന്ന കാട്ടുചെമ്പകപ്പൂക്കളെ നോക്കി ബസ്സിന്റെ ജാലകപ്പടിയിൽ തലചായ്ച്ച് കുറേനേരം കാറ്റിന്റെ കിന്നാരത്തിന് ചെവികൊടുത്തു. പതിയെ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതിവീണു.

കോടമഞ്ഞിന്റെ ഇടയിലൂടെ ഒളിച്ചെത്തിയ സൂര്യകിരണങ്ങൾ മെല്ലെ എന്റെ കവിളിൽ ചുംബിച്ചു. പുറത്തേക്ക് നോക്കിയപ്പോൾ കണ്ണെത്താ ദൂരത്ത് കോടമഞ്ഞിൽ മൂടിയ മലനിരകൾ. വഴിയോരത്ത് തലയുയർത്തി നിൽക്കുന്ന കരിംപാറക്കൂട്ടങ്ങൾ. അകലെ താഴ്‌വാരങ്ങളിൽ ചെങ്കല്ലിന്റെ നിറമുള്ള മണ്ണ്. ചോരവീണു നനഞ്ഞുചുവന്ന ചരിത്രമുറങ്ങുന്ന മാന്ത്രിക നഗരം. ഹംപി! തകർന്നുമണ്ണടിഞ്ഞ സാമ്രാജ്യത്തിന്റെ ഒരറ്റത്തുനിൽക്കുമ്പോൾ മറ്റൊരറ്റത് അദ്ദേഹമുണ്ട് എന്ന് മനസ്സ് പറയുന്നു. നിണമൊഴുകിയ ഹംപിയുടെ കൽക്കെട്ടുകളിലൂടെ ഞാൻ യാത്ര തുടർന്നു. ദിവരാത്രങ്ങൾ കൊഴിഞ്ഞകന്നു. ഞാൻ നടത്തം തുടരുകയാണ്. പൊട്ടിപ്പൊളിഞ്ഞടർന്ന കൊട്ടാരക്കെട്ടുകൾ, പ്രതിഷ്ഠകൾ ഉതെറിയപ്പെട്ട ശ്രീകോവിലുകൾ,

പ്രണയിനിയെക്കാത്ത് ജന്മാന്തരങ്ങളായി തപം ചെയ്യുന്ന കൽത്തൂണുകൾ. ഇവയെ എല്ലാം പിന്നിട്ട് മുന്നോട്ട് നടന്നെത്തിയത്ത് വാതിലുകളില്ലാത്ത ഒരു കൂറ്റൻ കവാടത്തിന്റെ മുന്നിലാണ്. ആശ്ചര്യത്തോടെ ഞാനൊരല്പനേരം ചുറ്റും നോക്കിനിന്നു. അപ്പോളാണ് ആ തുറന്ന കവാടത്തിനപ്പുറം ഞാൻ ആ കാഴ്ച കണ്ടത്. കുറച്ചകലെ പച്ചപ്പുൽത്തകിടിയിൽ സായാഹ്നസൂര്യന്റെ വെയിൽകാഞ്ഞ് മേയുന്നൊരു കുതിരക്കൂട്ടം. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. പെട്ടെന്ന് ആരൊ നടന്നുവരുന്ന ശബ്ദം. ചുറ്റും നോക്കി, ആരുമില്ല. ഞാനൊരല്പം മുന്നോട്ട് നടന്നു. അയാൾ എന്റെ നേരെ നടന്നടുക്കുകയാണ്. ഞാൻ ഒന്നുറച്ചു നോക്കി. പെട്ടന്ന് ശ്വാസം നിലച്ചതുപോലെ. അടുത്തെത്തിയപ്പോഴാണ് അദ്ദേഹം ഒരു വൃദ്ധസന്യാസിയായിരുന്നു എന്നു മനസ്സിലായത്. ആശ്വാസം തോന്നി. ഒരുപാട് നേരത്തിനുശേഷം ഒരു മനുഷ്യജീവനെ കണ്ടു. ആ വൃദ്ധൻ എന്നോട് എങ്ങോട്ടേക്കാണെന്ന് ചോദിച്ചു. എനിക്കൊരുത്തരമില്ലായിരുന്നു. എന്റേത് നിശ്ചയമില്ലാത്ത യാത്രയാണെന്ന് അദ്ദേഹം ഒരുപക്ഷെ മനസിലാക്കിയിരിക്കണം.

"എന്റെ കൂടെ വരൂ... സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. ഇവിടെ ഒരുപാട് നേരം

നിൽക്കണ്ട", എന്ന് മാത്രം പറഞ്ഞുകൊണ്ട് സന്യാസി മുന്നോട്ട് നടന്നു. ഞാൻ അയാളെ പിൻതുടർന്നു. പാറക്കെട്ടുകൾക്കിടയിലുള്ള ഒരു ചെറിയ മന്ദിരത്തിന്റെ മുമ്പിൽ അയാൾ എത്തി. തൊട്ടരികിൽ ഇലകൾ പൊഴിഞ്ഞ ഒരു വൃക്ഷം, അതിനു താഴെ ചെറിയ തടാകം. സൂര്യൻ പൂർണമായും അസ്തമിച്ചിരിക്കുന്നു. എന്നിട്ടും ആകാശത്തിന്റെ പലയിടങ്ങളിലായി വർണങ്ങൾ ചിതറികിടക്കുന്നതുപോലെ.

"മുമ്പിവിടെ കണ്ടിട്ടില്ലല്ലൊ... സഞ്ചാരി ആയിരിക്കും അല്ലെ." അതെ എന്നെ മട്ടിൽ ഞാൻ തലയനക്കി.

"ഈ പ്രദേശത്തൊന്നും അങ്ങനെ ആരും വരാറില്ല... ഇരുട്ട് വീണുകഴിഞ്ഞാൽ പലരേയും ആ കാണുന്ന താഴ്ന്ന പ്രദേശത്തു നിന്നും കാണാതാവും. എങ്ങനെയാണെന്നറിയില്ല. അതുകൊണ്ടാണ് ഞാൻ ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നത്". അതുകേട്ടപ്പോൾ എന്റെ കണ്ണുകൾ അമ്പരന്നു.

"ശാപം പിടിച്ച ദേശമാണിത്. വർഷങ്ങൾക്കുമുമ്പ് ശിഥിലമായിപ്പോയ ഈ സാമ്രാജ്യം ആയിരക്കണക്കിന് ആത്മാക്കളുടെ വിഹാരകേന്ദ്രമാണെന്നാണ് വിശ്വാസം. ഇവിടെ കാറ്റിന് ചിലപ്പോൾ രക്തത്തിന്റെ ഗന്ധമാണ്. ഇരുട്ട്

വീണാൽ ഈ ദേശം വെറുമൊരു മായക്കാഴ്ചയാണ്. കിടന്നോളൂ..നേരം ഒരുപാട് വൈകിയിരിക്കുന്നു".

ഉള്ളിൽ ചൂഴ്ന്നിറങ്ങുന്ന ഒരു ഭയം തോന്നി. ഞാൻ മെല്ലെ അമ്പലത്തിന്റെ ഒരു മൂലയിൽ ചുരുണ്ടുകൂടി കിടന്നു. ആകാശം നിറയെ നക്ഷത്രങ്ങൾ. പൗർണ്ണമിയുടെ നിലാവിൽ അടുത്തുള്ള തടാകം വെട്ടിത്തിളങ്ങി. അതിന്റെ ഭംഗി ആസ്വദിച്ച് ഭയം ഉള്ളിലടക്കി ഞാൻ ഉറങ്ങാൻ ശ്രമിച്ചു. ഒന്നും കാണാൻ കഴിയുന്നില്ല. ചുറ്റും കൂരാകൂരിരുട്ട്. കുതിരക്കുളമ്പിന്റെ ശബ്ദം കേൾക്കുന്നുണ്ട് ഓരോ നിമിഷം കഴിയും തോറും. ശബ്ദം അടുത്തേക്ക് വന്നുകൊണ്ടേയിരുന്നു. പെട്ടെന്നാരോ കൈകളിൽ സ്പർശിച്ച എന്റെ പേര് വിളിച്ചു. ശ്വാസം ഉള്ളിലേക്കെടുക്കാൻ ശ്രമിച്ചു, ഒച്ച പുറത്തേക്കുവരുന്നില്ല. ഞാൻ ഞെട്ടിയെഴുന്നേറ്റു, സ്വപ്നമായിരുന്നു.

എഴുന്നേറ്റ് ചുറ്റും നോക്കി. സൂര്യൻ ഉദിക്കാറായിരിക്കുന്നു, വൃദ്ധന്റെ ഒരു പൊടിപോലുമില്ല, മരവും തടാകവും കാണുന്നില്ല. എന്റെ കണ്ണുകളിൽ ഭയം നിറഞ്ഞു. വൃദ്ധന്റെ വാക്കുകൾ വീണ്ടും ചെവിയിൽ പ്രത്യധ്വാനിച്ചു.. "ഇരുട്ട് വീണാൽ ഈ ദേശം വെറും മായക്കാഴ്ചയാണ്". അപ്പോൾ അദ്ദേഹം? മറ്റൊന്നും നോക്കിയില്ല ഞാൻ

മന്ദിരത്തിന്റെ പുറത്തേക്കിറങ്ങിയോടി. ഓടിത്തളർന്നു. ഇനി വയ്യ എന്ന് ചിന്തിച്ചുനിൽക്കുമ്പോൾ കുറച്ചപ്പുറത്ത് വാഹനങ്ങൾ വന്നുപോകുന്നതുപോലെ തോന്നി. അല്പം മുമ്പിലേക്ക് നടന്നു, വരണ്ട ആ പ്രദേശത്തെ കുറ്റികാട്ടുകൾക്കപ്പുറം ഞാൻ നിരത്ത് കണ്ടു. ഓടി ചെന്നു, അകലെ നിന്നൊരു ചെറിയ ബസ്സ് വരുന്നത് കണ്ടു, കൈകാണിച്ചു. നിർത്തുമെന്ന് യാതൊരുറപ്പുമില്ലായിരുന്നു. ബസ്സ് നിർത്തിയതും ഞാൻ ചാടിക്കയറി. അതിലുണ്ടായ ഏതാനും യാത്രക്കാർ ഒരത്ഭുതജീവിയെ കണ്ടത് പോലെ എന്നെ നോക്കി. പിറകുവശത്ത് ഒരൊഴിഞ്ഞ സീറ്റിൽ പോയി ഇരുന്നു. കൈകൾ കൊണ്ട് മുഖം മറച്ചുപിടിച്ച് എന്താണ് സംഭവിച്ചതെന്ന് ആലോചിക്കാൻ ശ്രമിച്ചു. ഭയം എന്ന വികാരം മനസ്സിൽ ഒരു വലയം ആ സ്വപ്നം ഓർത്തെടുക്കാൻ ശ്രമിച്ചു. ഒരു കൊള്ളിയാൻ പോലെ. വൃദ്ധൻ - വാക്കുകൾ - സ്വപ്നം - സ്പർശനം. അതെ അദ്ദേഹം. സ്വപ്നത്തിൽ എന്നെ സ്പർശിച്ചതും പേരുവിളിച്ചതും അദ്ദേഹമാണ്. ആ കണ്ണുകൾ, അതൊരിക്കലും തെറ്റില്ല. ആ സ്വപ്നം എന്റെ മനസ്സിനെ ഒന്നാകെ പിടിച്ചുലച്ചു. എന്നാൽ മനസ്സിനെ തളർത്തിക്കളയാതെ ഞാൻ നെഞ്ചോട് ചേർത്ത് പിടിച്ചു. പതിയെ ഏതൊ

**ഒരു ദേശത്ത് എന്നെയും കാത്ത് തീർച്ചയായും അദ്ദേഹമുണ്ട് എന്ന തോന്നൽ ഉള്ളാകെ പടർന്നു.**

**യാത്രകൾ തുടർന്നു. ഒരുപാട് ദൂരം ഞാൻ പിന്നെയും സഞ്ചരിച്ചു. ജയ്പൂരിലെ മഹലുകളും, ഡൽഹിയുടെ പ്രാന്തങ്ങളിലെ ചെറിയ പട്ടണങ്ങളിലും ചെന്നെത്തി. ഒരുപാട് തിരഞ്ഞു. അന്വേഷിച്ചു. കണ്ടില്ല. ഒടുവിൽ ബിയാസ് നദി ഒഴുകുന്ന, മഞ്ഞുവീണടിയുന്ന ഒരു താഴ്വാരത്തെത്തി. മണാലി! മണാലിയിൽ നിന്നും ഏകദേശം അൻപത് കിലോമീറ്ററുകൾക്കപ്പുറം റോഹ്തങ് പാസിലേക്കാണ് യാത്ര. ബസ്സ് ഇഴഞ്ഞു നീങ്ങി. റോഡിന്റെ രണ്ട് വശവും ഹിമക്കട്ടകൾ കൊണ്ട് മൂടിയിരിക്കുന്നു. സിരകളെ മരവിപ്പിക്കാൻ പാകത്തിനുള്ള തണുപ്പാണ് ചുറ്റും. ബസ്സ് ഒരു വിജനമായ പ്രദേശത്തുനിർത്തി. ഇനിയങ്ങോട്ട് വാഹനങ്ങൾ പോകില്ല. നടക്കണം. ഒരു നാല് കിലോമീറ്ററോളം കാൽനടയായി താണ്ടിയാൽ മലയുടെ ഉച്ചിയിലെത്തും. ബസ്സിലുണ്ടായ എല്ലാവരും ഉത്സാഹത്തോടെ ചാടിയിറങ്ങി. ഉള്ളുനിറയെ ആധിയുമായി ഞാനും. ജാക്കറ്റിന്റെ പുറത്തുകാണാവുന്ന വിരലുകളുടെ പാതി തണുത്ത് മരവിച്ചു. മലയോരങ്ങളിൽ അവിടവിടെയായി ചെമ്മരിയാടിൻ കൂട്ടങ്ങൾ. അതിനിടയിൽ ഒരിടയൻ. മനംമയക്കുന്ന ഭംഗിയുണ്ടായിരുന്ന ആ**

**കാഴ്ചയ്ക്ക്. ഓരോ കാലടികളും മുന്നോട്ട് വയ്ക്കുമ്പോൾ അദ്ദേഹത്തെ കാണാനാവുമെന്ന ചിന്തയായിരുന്ന മനസ്സ് നിറയെ. നടന്നെത്താനാവുന്നില്ല. ഇടയനും ആട്ടിൻകൂട്ടവും മലയടിവാരത്തേയ്ക്ക് പൊടുന്നനെ തെന്നിയിറങ്ങി. നടത്ത മലയുടെ ഉച്ചിയിൽ എത്തുന്നതിന്റെ ഏതാനും വാരകൾക്കിപ്പുറത്തുണ്ടായിരുന്ന ഒരു ചായക്കടയുടെ അടുത്തെത്തി. ചമരിക്കാളയുടെ പാലിലുണ്ടാക്കിയ ചായയാണ് ഇവിടെ വരുന്നവർക്ക് നൽകുന്നത്. ആവിപറക്കുന്ന ചായ തണുപ്പിന് ചെറിയൊരു ശമനം തന്നതുപോലെ. ഹിമസാഗരം പോലെ തോന്നിച്ച ആ വലിയ മലനിരയുടെ അങ്ങേയറ്റം നോക്കി വീണ്ടും ഞാൻ നടന്നു. ഇടയ്ക്ക് പാതിവഴിയിൽ കണ്ട ഒരുരുളൻ കല്ലിന്റെ മേൽ ചാഞ്ഞുനിന്ന്, കണ്ണുകളടച്ച്, ആകാശത്തിലേക്ക് തല ഉയർത്തികൊണ്ട് ഉള്ളിലേക്കൊരു തണുത്ത ശ്വാസമെടുത്തു. കണ്ണുകൾ മെല്ലെ തുറന്നു. മേഘങ്ങൾക്കിടയിലൂടെ തലനാരിഴയിൽ ഏതാനും സൂര്യരശ്മികൾ അകലെയുള്ള മഞ്ഞുമലകളിൽ ചെന്നുവീഴുന്നതു കാണാനായി. തിരിഞ്ഞ് ചുറ്റും നോക്കി. പലവർണ്ണങ്ങളിലുള്ള മേൽക്കുപ്പായങ്ങളണിഞ്ഞ് ഒരാൾക്കൂട്ടം നടപ്പുവഴിലൂടെ എന്റെ നേരെ മഞ്ഞുമലകൾ ലക്ഷ്യമാക്കി നടന്നടുക്കുന്നത് കണ്ടു.**

**കണ്ണിമയ്ക്കാതെ അവരെ ഞാൻ കാത്തിരുന്നു. ഇല്ല അവർക്കിടയിലും ആദ്ദേഹമില്ല. എന്തോ, അറിയാതെ മിഴികൾ നിറഞ്ഞു. തിരികെ നടന്ന വഴിയിൽ ബിയാസ് നദിയിയ്ക്ക് ചേർന്ന ചെറിയ വലരിയുടെ ഒതുക്ക കടവിലിറങ്ങി മുഖത്ത് തണുത്തുറഞ്ഞു വട്ടക്കളായി മാറിയ കണ്ണുനീർച്ചാലുകൾ തിരുമ്മിക്കഴുകിക്കളഞ്ഞു ഞാനാ നടപ്പ് തുടർന്നു. യാത്രകൾ അവസാനിക്കുന്നില്ല. അദ്ദേഹത്തിനായുള്ള തിരച്ചിലുകളും**

**"എന്റെ കൂടെ വരൂ... സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. ഇവിടെ ഒരുപാട് നേരം നിൽക്കണ്ട", എന്ന് മാത്രം പറഞ്ഞുകൊണ്ട് സന്യാസി മുന്നോട്ട് നടന്നു. ഞാൻ അയാളെ പിൻതുടർന്നു. പാറക്കെട്ടുകൾക്കിടയിലുള്ള ഒരു ചെറിയ മന്ദിരത്തിന്റെ മുമ്പിൽ അയാൾ എത്തി. തൊട്ടരികിൽ ഇലകൾ പൊഴിഞ്ഞ ഒരു വൃക്ഷം, അതിനു താഴെ ചെറിയ തടാകം. സൂര്യൻ പൂർണമായും അസ്തമിച്ചിരിക്കുന്നു. എന്നിട്ടും ആകാശത്തിന്റെ പലയിടങ്ങളിലായി വർണങ്ങൾ ചിതറികിടക്കുന്നതുപോലെ.**

**"മുമ്പിവിടെ കണ്ടിട്ടില്ലല്ലൊ... സഞ്ചാരി ആയിരിക്കും അല്ലെ." അതെ എന്നെ മട്ടിൽ ഞാൻ തലയനക്കി.**

"ഈ പ്രദേശത്തൊന്നും അങ്ങനെ ആരും വരാറില്ല... ഇരുട്ട് വീണുകഴിഞ്ഞാൽ പലരേയും ആ കാണുന്ന താഴ്ന്ന പ്രദേശത്തു നിന്നും കാണാതാവും. എങ്ങനെയാണെന്നറിയില്ല. അതുകൊണ്ടാണ് ഞാൻ ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നത്". അതുകേട്ടപ്പോൾ എന്റെ കണ്ണുകൾ അമ്പരന്നു.

"ശാപം പിടിച്ച ദേശമാണിത്. വർഷങ്ങൾക്കുമുമ്പ് ശിഥിലമായിപ്പോയ ഈ സാമ്രാജ്യം ആയിരക്കണക്കിന് ആത്മാക്കളുടെ വിഹാരകേന്ദ്രമാണെന്നാണ് വിശ്വാസം. ഇവിടെ കാറ്റിന് ചിലപ്പോൾ രക്തത്തിന്റെ ഗന്ധമാണ്. ഇരുട്ട് വീണാൽ ഈ ദേശം വെറുമൊരു മായക്കാഴ്ചയാണ്. കിടന്നോളൂ..നേരം ഒരുപാട് വൈകിയിരിക്കുന്നു".

ഉള്ളിൽ ചൂഴ്ന്നിറങ്ങുന്ന ഒരു ഭയം തോന്നി. ഞാൻ മെല്ലെ അമ്പലത്തിന്റെ ഒരു മൂലയിൽ ചുരുണ്ടുകൂടി കിടന്നു. ആകാശം നിറയെ നക്ഷത്രങ്ങൾ. പൗർണ്ണമിയുടെ നിലാവിൽ അടുത്തുള്ള തടാകം വെട്ടിത്തിളങ്ങി. അതിന്റെ ഭംഗി ആസ്വദിച്ച് ഭയം ഉള്ളിലടക്കി ഞാൻ ഉറങ്ങാൻ ശ്രമിച്ചു. ഒന്നും കാണാൻ കഴിയുന്നില്ല. ചുറ്റും കൂരാകൂരിരുട്ട്. കുതിരക്കുളമ്പിന്റെ ശബ്ദം കേൾക്കുന്നുണ്ട് ഓരോ നിമിഷം കഴിയും തോറും. ശബ്ദം അടുത്തേക്ക് വന്നുകൊണ്ടേയിരുന്നു. പെട്ടെന്നാരോ കൈകളിൽ

**സ്പർശിച്ച എന്റെ പേര് വിളിച്ചു. ശ്വാസം ഉള്ളിലേക്കെടുക്കാൻ ശ്രമിച്ചു, ഒച്ച പുറത്തേക്കുവരുന്നില്ല. ഞാൻ ഞെട്ടിയെഴുന്നേറ്റു, സ്വപ്നമായിരുന്നു.**

**എഴുന്നേറ്റ് ചുറ്റും നോക്കി. സൂര്യൻ ഉദിക്കാറായിരിക്കുന്നു, വൃദ്ധന്റെ ഒരു പൊടിപോലുമില്ല, മരവും തടാകവും കാണുന്നില്ല. എന്റെ കണ്ണുകളിൽ ഭയം നിറഞ്ഞു. വൃദ്ധന്റെ വാക്കുകൾ വീണ്ടും ചെവിയിൽ പ്രത്യധ്വാനിച്ചു.. "ഇരുട്ട് വീണാൽ ഈ ദേശം വെറും മായക്കാഴ്ചയാണ്". അപ്പോൾ അദ്ദേഹം? മറ്റൊന്നും നോക്കിയില്ല ഞാൻ മന്ദിരത്തിന്റെ പുറത്തേക്കിറങ്ങിയോടി. ഓടിത്തളർന്നു. ഇനി വയ്യ എന്ന് ചിന്തിച്ചുനിൽക്കുമ്പോൾ കുറച്ചപ്പുറത്ത് വാഹനങ്ങൾ വന്നുപോകുന്നതുപോലെ തോന്നി. അല്പം മുമ്പിലേക്ക് നടന്നു, വരണ്ട ആ പ്രദേശത്തെ കുറ്റികാടുകൾക്കപ്പുറം ഞാൻ നിരത്ത് കണ്ടു. ഓടി ചെന്നു, അകലെ നിന്നൊരു ചെറിയ ബസ്സ് വരുന്നത് കണ്ടു, കൈകാണിച്ചു. നിർത്തുമെന്ന് യാതൊരുറപ്പുമില്ലായിരുന്നു. ബസ്സ് നിർത്തിയതും ഞാൻ ചാടിക്കയറി. അതിലുണ്ടായ ഏതാനും യാത്രക്കാർ ഒരത്ഭുതജീവിയെ കണ്ടത് പോലെ എന്നെ നോക്കി. പിറകുവശത്ത് ഒരൊഴിഞ്ഞ സീറ്റിൽ**

പോയി ഇരുന്നു. കൈകൾ കൊണ്ട് മുഖം മറച്ചുപിടിച്ച് എന്താണ് സംഭവിച്ചതെന്ന് ആലോചിക്കാൻ ശ്രമിച്ചു. ഭയം എന്ന വികാരം മനസ്സിൽ ഒരു വലയം തീർത്തുകഴിഞ്ഞിരുന്നു. വൃദ്ധന്റെ മുഖം മനസ്സിൽ നിന്നും പോകുന്നില്ല. കണ്ണുകൾ തുറന്ന് ഞാൻ അമ്പരപ്പോടെയിരുന്നു. ആ സ്വപ്നം ഓർത്തെടുക്കാൻ ശ്രമിച്ചു. ഒരു കൊള്ളിയാൻ പോലെ. വൃദ്ധൻ - വാക്കുകൾ - സ്വപ്നം - സ്പർശനം. അതെ അദ്ദേഹം. സ്വപ്നത്തിൽ എന്നെ സ്പർശിച്ചതും പേരുവിളിച്ചതും അദ്ദേഹമാണ്. ആ കണ്ണുകൾ, അതൊരിക്കലും തെറ്റില്ല. ആ സ്വപ്നം എന്റെ മനസ്സിനെ ഒന്നാകെ പിടിച്ചുലച്ചു. എന്നാൽ മനസ്സിനെ തളർത്തിക്കളയാതെ ഞാൻ നെഞ്ചോട് ചേർത്ത് പിടിച്ചു. പതിയെ ഏതൊ ഒരു ദേശത്ത് എന്നെയും കാത്ത് തീർച്ചയായും അദ്ദേഹമുണ്ട് എന്ന തോന്നൽ ഉള്ളാകെ പടർന്നു.

യാത്രകൾ തുടർന്നു. ഒരുപാട് ദൂരം ഞാൻ പിന്നെയും സഞ്ചരിച്ചു. ജയ്പൂരിലെ മഹലുകളും, ഡൽഹിയുടെ പ്രാന്തങ്ങളിലെ ചെറിയ പട്ടണങ്ങളിലും ചെന്നെത്തി. ഒരുപാട് തിരഞ്ഞു. അന്വേഷിച്ചു. കണ്ടില്ല. ഒടുവിൽ ബിയാസ് നദി ഒഴുകുന്ന, മഞ്ഞുവീണടിയുന്ന ഒരു താഴ്വാരത്തെത്തി. മണാലി! മണാലിയിൽ നിന്നും ഏകദേശം അൻപത് കിലോമീറ്ററുകൾക്കപ്പുറം

**റോഹ്തങ് പാസിലേക്കാണ് യാത്ര. ബസ്സ് ഇഴഞ്ഞു നീങ്ങി. റോഡിന്റെ രണ്ട് വശവും ഹിമക്കട്ടകൾ കൊണ്ട് മൂടിയിരിക്കുന്നു. സിരകളെ മരവിപ്പിക്കാൻ പാകത്തിനുള്ള തണുപ്പാണ് ചുറ്റും. ബസ്സ് ഒരു വിജനമായ പ്രദേശത്തുനിർത്തി. ഇനിയങ്ങോട്ട് വാഹനങ്ങൾ പോകില്ല. നടക്കണം. ഒരു നാല് കിലോമീറ്ററോളം കാൽനടയായി താണ്ടിയാൽ മലയുടെ ഉച്ചിയിലെത്തും. ബസ്സിലുണ്ടായ എല്ലാവരും ഉത്സാഹത്തോടെ ചാടിയിറങ്ങി. ഉള്ളുനിറയെ ആധിയുമായി ഞാനും. ജാക്കറ്റിന്റെ പുറത്തുകാണാവുന്ന വിരലുകളുടെ പാതി തണുത്ത് മരവിച്ചു. മലയോരങ്ങളിൽ അവിടവിടെയായി ചെമ്മരിയാടിൻ കൂട്ടങ്ങൾ. അതിനിടയിൽ ഒരിടയൻ. മനംമയക്കുന്ന ഭംഗിയുണ്ടായിരുന്നു ആ കാഴ്ചയ്ക്ക്. ഓരോ കാലടികളും മുന്നോട്ട് വയ്ക്കുമ്പോൾ അദ്ദേഹത്തെ കാണാനാവുമെന്ന ചിന്തയായിരുന്നു മനസ്സ് നിറയെ. നടന്നെത്താനാവുന്നില്ല. ഇടയനും ആട്ടിൻകൂട്ടവും മലയടിവാരത്തേയ്ക്ക് പൊടുന്നനെ തെന്നിയിറങ്ങി. നടത്ത മലയുടെ ഉച്ചിയിൽ എത്തുന്നതിന്റെ ഏതാനും വാരകൾക്കിപ്പുറത്തുണ്ടായിരുന്ന ഒരു ചായക്കടയുടെ അടുത്തെത്തി. ചമരിക്കാളയുടെ പാലിലുണ്ടാക്കിയ ചായയാണ് ഇവിടെ വരുന്നവർക്ക് നൽകുന്നത്.**

**ആവിപറക്കുന്ന ചായ തണുപ്പിന് ചെറിയൊരു ശമനം തന്നതുപോലെ. ഹിമസാഗരം പോലെ തോന്നിച്ച ആ വലിയ മലനിരയുടെ അങ്ങേയറ്റം നോക്കി വീണ്ടും ഞാൻ നടന്നു. ഇടയ്ക്ക് പാതിവഴിയിൽ കണ്ട ഒരുരുളൻ കല്ലിന്റെ മേൽ ചാഞ്ഞുനിന്ന്, കണ്ണുകളടച്ച്, ആകാശത്തിലേക്ക് തല ഉയർത്തികൊണ്ട് ഉള്ളിലേക്കൊരു തണുത്ത ശ്വാസമെടുത്തു. കണ്ണുകൾ മെല്ലെ തുറന്നു. മേഘങ്ങൾക്കിടയിലൂടെ തലനാരിഴയിൽ ഏതാനും സൂര്യരശ്മികൾ അകലെയുള്ള മഞ്ഞുമലകളിൽ ചെന്നുവീഴുന്നതു കാണാനായി. തിരിഞ്ഞ് ചുറ്റും നോക്കി. പലവർണ്ണങ്ങളിലുള്ള മേൽക്കുപ്പായങ്ങളണിഞ്ഞ് ഒരാൾക്കൂട്ടം നടപ്പുവഴിലൂടെ എന്റെ നേരെ മഞ്ഞുമലകൾ ലക്ഷ്യമാക്കി നടന്നടുക്കുന്നത് കണ്ടു. കണ്ണിമയ്ക്കാതെ അവരെ ഞാൻ കാത്തിരുന്നു. ഇല്ല അവർക്കിടയിലും ആദ്ദേഹമില്ല. എന്തോ, അറിയാതെ മിഴികൾ നിറഞ്ഞു. തിരികെ നടന്ന വഴിയിൽ ബിയാസ് നദിയിയ്ക്ക് ചേർന്ന ചെറിയ വലരിയുടെ ഒതുക്കു കടവിലിറങ്ങി മുഖത്ത് തണുത്തുറഞ്ഞു വട്ടുക്കളായി മാറിയ കണ്ണുനീർച്ചാലുകൾ തിരുമ്മിക്കഴുകിക്കളഞ്ഞു ഞാനാ നടപ്പ് തുടർന്നു. യാത്രകൾ അവസാനിക്കുന്നില്ല. അദ്ദേഹത്തിനായുള്ള തിരച്ചിലുകളും**

*SHORT STORY*

# മകൻ

ഇന്ന് ഉണ്ണിയുടെ പിറന്നാളാണ്. മൂന്നുവർഷം മുൻപുവരെ സന്തോഷത്തോടെ ഞങ്ങൾ ഈ ദിവസം ആഘോഷിച്ചിരുന്നു. ഇന്നിപ്പോൾ അവനില്ല. ഒരു മാസമായി അവൻ വീട്ടിൽ വന്നിട്ട്. അവസാനം വന്ന ദിവസം അവന്റെ കുറെ തുണികളും പുസ്തകങ്ങളും എടുത്തുകൊണ്ട് പോയി, പൈസയും. എന്ന് വരുമെന്ന് ചോദിച്ചതിന് മറുപടിയില്ല. പണ്ട് വാതോരാതെ സംസാരിച്ച് എന്നെ ചിരിപ്പിച്ചിരുന്ന അവനിപ്പോൾ എന്നോട് സംസാരിക്കാൻ വയ്യാതായിരിക്കുന്നു. കോളേജിൽ ചേർന്നതിന് ശേഷമാണീ മാറ്റം. ആദ്യമൊന്നും ഇങ്ങനെയല്ലായിരുന്നു. രണ്ടാം വർഷമായപ്പോൾ മുതൽ അവനാകെ മാറി. സംസാരം കുറവ്. എപ്പോഴും എന്തെങ്കിലുമൊക്കെ ചിന്തിച്ചിരിക്കും. ഊണും ഉറക്കവുമില്ലാതെ തടിച്ച പുസ്തകങ്ങൾ വായിക്കും. കോളേജ് കഴിഞ്ഞ് വീട്ടിൽ വരാൻ താമസിച്ചു തുടങ്ങിയപ്പോളാണ്

ഞാൻ അന്വേഷിച്ചത്. അപ്പോൾ അവന്റെ കൂട്ടുകാർ പറഞ്ഞത് അവൻ ഏതോ നക്സൽ സംഘത്തിൽ ചേർന്നെന്ന്. നക്സലോ എന്താ അത്. അറിയില്ല. എന്തോ അപകടമുണ്ടെന്ന് മനസിലായി. ഈ കുട്ടിക്കിതെന്താ പറ്റിയേ.

ഉച്ചക്ക് അവനിഷ്ടപ്പെട്ട മുളകുശ്യോം കോവക്ക മെഴുക്കുപുരട്ടിയും പായസവും ഉണ്ടാക്കി. അവൻ വരുമെന്ന് മനസ്സ് പറഞ്ഞുകൊണ്ടേയിരുന്നു. ഇല്ല, ഉച്ചക്കവൻ എത്തിയില്ല. അത്താഴത്തിനെങ്കിലുമാവൻ വരുമെന്ന് കരുതി സമാധാനിച്ചു. ഇന്നേദിവസം അവൻ വരാതെ ഞാൻ ജലപാനം ചെയ്യില്ലെന്ന് അവനറിയാം. കഴിഞ്ഞ കൊല്ലവും അവൻ താമസിച്ചാണെങ്കിലും എത്തിയിരുന്നു. വന്നു, സദ്യ ഉണ്ടു, പോയി. ഒന്നും സംസാരിച്ചില്ല.

ഉച്ച മുതലേ ആകെ മുടിപ്പുതച്ച ആകാശം. ഇന്ന് മഴപെയ്യും. റേഡിയോയിൽ പറഞ്ഞിരുന്നു. വിളക്ക് കത്തിച്ചു. വല്ലാത്ത കാറ്റ്. നാമം ജപിക്കാൻ മനസ്സിനൊരു സുഖം തോന്നുന്നില്ല. ആകെ ഒരു സങ്കടം. അവനുവേണ്ടിയാണ് ജീവിച്ചത്. അവന്റെ അച്ഛനും അമ്മയും മരിക്കുമ്പോ മൂന്ന് വയസ്സാണ് അവനു പ്രായം. അന്നുമുതൽ എനിക്കവനും അവനുഞാനുമെന്നോണം ജീവിച്ചു. ഒന്നിനും അവൻ വാശിപിടിച്ചിട്ടില്ല. അവനു വേണ്ടത് എന്തെന്ന്

എനിക്കറിയാമായിരുന്നു. കോളേജിൽ ചേരാൻ പോയപ്പോ ഞാൻ വരുന്നില്ല എന്ന് പറഞ്ഞിട്ടും എന്നെയും കൊണ്ടവൻ പോയി. എല്ലാരേയും, 'അമ്മയാണ്' എന്നവൻ പരിചയപ്പെടുത്തി. അതെ പ്രസവിച്ചില്ലെന്നേ ഉള്ളൂ. ഞാനവന്റെ 'അമ്മ' തന്നെ.

ആരോടോ വാശിക്കെന്നോണം മഴ തകർത്തുപെയ്യുന്നു. കറന്റ് ഏഴുമണിക്ക് പോയതാണ്. ഈ മഴയിലും മിന്നലിലും കറന്റ് വരുമെന്ന് പ്രതീക്ഷിക്കണ്ട. മെഴുകുതിരി വെട്ടത്തിലിരുന്ന് പിന്നെയും ആലോചനയിൽ മുഴുകി. പെട്ടന്നാണ് ദൂരെ എവിടെയോ വലിയ ബഹളം നടക്കുന്ന ശബ്ദം കേട്ടത്. ഇടിമുഴക്കത്തിനിടയിലും അവ്യക്തമായ ശബ്ദം കേൾക്കാം. ആരോ കരയുകയാണ്. പെട്ടന്നുണ്ടായ മിന്നലിൽ വാതിൽ പടിയിൽ ഒരാൾരൂപം കണ്ടു. അതെ, എന്റെ കുട്ടിയല്ലെയത്? അവനെ ഏതിരുട്ടത്ത് കണ്ടാലും എനിക്ക് തിരിച്ചറിയാം. അവൻ മഴയിൽ കുളിച്ച് നിൽക്കുകയാണ്. വേഗമവനെ അകത്തുകയറ്റി തോർത്തെടുത്തു ഉച്ചിയിലെ മഴവെള്ളം തുടച്ചു.

"ആകെ നനഞ്ഞല്ലോ ഉണ്ണിയെ ".

അവനൊന്നും മിണ്ടിയില്ല. ഒന്ന് ചിരിച്ചു .

"അമ്മ ഉണ്ടിട്ടില്ല്യാലെ? വര്വ നമുക്കൊരുമിച്ചു കഴിക്കാം". അവൻ എന്നെയും കൊണ്ട് അടുക്കളയിലേയ്ക്ക് പോയി. രണ്ടു പാത്രത്തിൽ അവൻ തന്നെ ചോറുവിളമ്പി. മുളകുശ്യോം മെഴുക്കുപുരട്ടിയും കൂട്ടി ഒത്തിരിസന്തോഷത്തിൽ അവൻ കഴിക്കുകയാണ്. ഒരു ചെറിയ കിണ്ണത്തിൽ പായസവും കുടിച്ചു. ഊണുകഴിഞ്ഞു കിടക്കാനായി വന്നപ്പോൾ അവൻ എന്നെ ചേർത്തുപിടിച്ച് നെറുകയിൽ ഒരുമ്മ തന്നു. കുട്ടിക്കാലത്ത് അവൻ ഉമ്മ തന്നിട്ടേ ഉറങ്ങുമായിരുന്നുള്ളൂ. ആ പഴയ കുട്ടിയെ എനിക്കു തിരിച്ചുകിട്ടിയതുപോലെ. എന്നോടൊപ്പം കിടക്കണമെന്ന് അവൻ പറഞ്ഞു. ഞങ്ങൾ ഒരുമിച്ചു കിടന്നു. കിടന്നപ്പോൾ തന്നെ അവൻ ഉറങ്ങി. എന്തെല്ലാമോ ആലോചിച്ച് മനസ്സ് നിറഞ്ഞ സന്തോഷത്തിൽ ഞാനും.

രാവിലെ എഴുന്നേക്കാൻ ഒരുപാട് താമസിച്ചു. അവൻ കട്ടിലിൽ ഇല്ല. നേരത്തെ എഴുന്നേറ്റിരിക്കും. കുളിച്ചു. അടുക്കളയിൽ പോയി എനിക്കും അവനും ചായ ഇട്ടു . വരാന്തയിൽ കിടന്ന പത്രം എടുത്തു നിവർത്തി. ഇന്നും ഉണ്ട് മരണകണക്ക്. പോലീസ് എൻകൗണ്ടറിൽ മൂന്ന് നക്സലുകൾ കൊല്ലപ്പെട്ടു. മൃതദേഹങ്ങളുടെ ചിത്രവും. അതിൽ ഉണ്ണിയുടെ മുഖഛ്ചായയുള്ള ഒരു യുവാവ്. വേഗം മുറിയിൽ ചെന്ന് നോക്കി. ഇല്ല

എന്റെ കുട്ടിയവിടില്ല. കുളിമുറിയിലും പുറത്തുമെല്ലാം നോക്കി. ഇല്ല.അവനവിടെങ്ങുമില്ല.
അടുക്കളയിൽ ചെന്ന് നോക്കി. ഒരു പാത്രത്തിൽ ചോറും മുളകുശ്യോം മെഴുക്കുപുരട്ടിയും കിണ്ണത്തിൽ പായസവും. ഇന്നലെ അവനെല്ലാം കഴിച്ചതല്ലെ? എന്റെ കൂടെ കിടന്നുറങ്ങിയതല്ലേ

---

*SHORT STORY*

# നിന്റെ വിരലുകൾ

'എൻറെ കൈവെള്ളയിൽ തൊടാൻ അത്ര സുഖമുണ്ടാവില്ല കേട്ടോ. വിരലുകൾ വളരെ പരുക്കനാ. ദേ നോക്ക് ഒരു ഭംഗീം ഇല്ല'. വിവാഹ രാത്രിയിൽ വിരലുകൾ കോർത്തു പിടിച്ചപ്പോൾ അവൾ എൻറെ ഇടത്തെ ചെവിയിൽ പതിയെ മന്ത്രിച്ചതു ഞാനോർക്കുന്നു..

ഞാൻ അവളുടെ നീണ്ട വിരലുകൾ തലോടി. ജനാലയിലൂടെ ഞങ്ങളുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കിയ പൂർണചന്ദ്രൻ അതുകണ്ട് ഒരു ചെറു പുഞ്ചിരി പരത്തി എന്ന് തോന്നി.

'അനിക്കങ്ങനെ തോന്നുന്നില്ലല്ലോ'. ആ വിരലുകലുയർത്തി ഞാൻ എൻറെ മുഖത്തോടു ചേർത്തു വെച്ചു.

'മദർ തെരേസയുടെ വിരലുകൾ കണ്ടിട്ടില്ലേ? നീണ്ട ചുക്കിച്ചുളുങ്ങിയ ആ വിരലുകൾ. അതു പോലെ തോന്നുന്നില്ലേ. ഇത് പാരമ്പര്യമാ, അച്ഛൻറെ, അമ്മായീടെ എല്ലാം വിരലുകൾ ഇതുപോലാ'. അവൾ.

'എൻറെ കൈവെള്ള കണ്ടില്ലേ, അതും പരുക്കനാ . ഇതു കണ്ടോ, എത്ര വരകളാണെന്ന് നോക്കൂ. അതും കറുത്തത്'. കൂടിച്ചേർന്ന ദിവസം തന്നെ സ്വന്തം പോരായ്മയെപ്പറ്റി തുറന്നു സംസാരിച്ച അവളുടെ ആത്മാർഥതയോട് എനിക്ക് ബഹുമാനം തോന്നി.

അനേക വിവാഹ വാർഷികങ്ങൾക്കു ശേഷം എത്തിപ്പെട്ട ഈ കുടിയേറ്റ രാജ്യത്തും പലപ്പോഴും ഈ കൈപുരാണം പൊങ്ങി വന്നു.  സ്വന്തം രൂപ ഭംഗിയെപ്പറ്റിയുള്ള അപകർഷതാ ബോധത്തിൻറെ കുമിളകൾ.

പക്ഷേ ജീവിതം കൂടുതൽ ജീവിച്ചു തുടങ്ങിയപ്പോൾ ആ പരുക്കൻ കൈത്തണ്ട യുടെ, അവളുടെ ചുളിവുള്ള വിരലുകളുടെ നന്മ ഞാൻ നേരിട്ടറിഞ്ഞു. 'നമ്മടെ കുഞ്ഞുങ്ങൾ ഈ കൈ പിടിച്ചല്ലേ നടന്നത്?. അവർ

വളർന്നെ ഈ കൈകൊണ്ടുണ്ടാക്കിയ ചോറ് തിന്നല്ലേ. കരഞ്ഞോണ്ടോടി വന്നപ്പോ കോരിയെടുത്തത് ഈ കൈകൊണ്ടല്ലേ. അവരെപ്പോഴെങ്കിലും പരാതി പറഞ്ഞോ? ഇല്ലല്ലോ'.

'അതു പിള്ളാരല്ലേ അവരിതൊന്നും ശ്രദ്ധിക്കില്ല'. അവൾ.

'ഞാൻ റോഡിൻ്റെ സൈഡ് വോക്കിലെ ഐസിൽ തെന്നി വീണപ്പോൾ ഈ കൈകളല്ലേ എന്നെ പിടിച്ചുയർത്തിയത്'. ഞാൻ ഇത്തിരി തമാശ കലർന്ന ഭാഷയിൽ പിന്നീടൊരിക്കൽ പറഞ്ഞു.

'അതിപ്പൊ വല്യ കാര്യമാണോ?'. അവൾ.

എൻ്റെ ഈ വാക്കുകൾക്കൊന്നും ഫലം കണ്ടില്ല. മദർ തെരേസയുടെ കൈപ്പത്തിയും വിരലുകളും മിനുക്കാനുള്ള വഴികൾ അവൾ അന്വേഷിച്ചു നടന്നു.

'ആ നെയിൽ പോളിഷിൻ്റെ നിറം എനിക്കിഷ്ടപ്പെട്ടു കേട്ടോ'. നീണ്ട നഖങ്ങൾക്ക് കടും ചുവപ്പു നിറമിട്ട് കൃതാർഥതയിൽ പ്രകാശിച്ച അവളുടെ ഉറക്കച്ചടവു തോന്നിപ്പിക്കുന്ന മിഴികളിലേക്കു നോക്കി ഞാൻ പ്രോത്സാഹിപ്പിച്ചു.

നിവ്യാ ക്രീമിട്ട് അവൾ കൈകൾ എന്നും തടവി മെഴുക്കി. 'ചേട്ടൻ ഒരു കാര്യം ശ്രദ്ധിച്ചോ എന്നെറിയില്ല, എന്നെ പെണ്ണുകാണാൻ വന്നപ്പോൾ.

ഞാൻ കൈ രണ്ടും പൊറകിപ്പിടിച്ചാ നിന്നേ. എന്നാലും കാപ്പി കൊണ്ടു വെച്ചപ്പോൾ ചേട്ടൻ കണ്ടു കാണും. തീർച്ച്'.

'പിന്നെ അന്നേരത്തെ വെപ്രാളത്തിനെടെ അതല്ലേ നോക്കുന്നെ'. ഞാൻ.

അവളുടെ നഖങ്ങളുടെ  നീളം കൂടിക്കൂടി വന്നു. നിറങ്ങൾ മാറിമാറി അവയെ അലങ്കരിച്ചു.  വിശേഷ ദിവസങ്ങളിൽ സൌമിനി പട്ടേൽ എന്ന ഗുജറാത്തി മഹിളയെ സന്ദർശിച്ച് കൈകളിൽ അവൾ ഹെന്നയിട്ടു. ഫോങ്ങ് എന്ന വിയറ്റ്നാം തരുണി നടത്തുന്ന പെഡികുർ മാനികുർ സെൻ്ററിൻ്റെ സന്ദർ ശന മുറിയിൽ വാരാന്ത്യങ്ങളിൽ ഞാനവൾക്കു കൂട്ടിരുന്നു.

പ്രസന്നവതിയായി ഇറങ്ങി വന്ന അവളോട് ഞാൻ പറഞ്ഞു.

'ഞാൻ ഇവിടിരുന്ന് ഗൂഗിളിൽ മദർ തെരേസയെ തെരയുകയാരുന്നു. ചെറുപ്പത്തിൽ അവർ ഒരു സുന്ദരിയായിരുന്നു. അവരുടെ പഴേ ചിത്രങ്ങളിൽ അവരുടെ വെരലുകൾ കാണുന്നില്ലെങ്കിലും, എനിക്കു തോന്നുന്നില്ല ഇന്നത്തെ ചിത്രങ്ങളിൽ കാണുന്നപോലെ അന്ന് ചുക്കിച്ചുളുങ്ങിയതായിരുന്നെന്ന്'.

**അവൾ മൌനം പാലിച്ചു.**

**വീണ്ടും 'ക്രൈമിനക്കൽ സെൻ്ററിൽ' അവളെ അനുഗമിക്കുന്നതിനൊപ്പം മദർ തെരേസയെക്കുറിച്ചുള്ള എൻ്റെ ഗവേഷണങ്ങളും തുടർന്നു.**

**'പാവം ആ അൽബീനിയാക്കാരി കന്യാസ്ത്രീയുടെ കൈകൾ ഇങ്ങനെ ആയതെങ്ങനാന്നറിയാമോ? . കൽക്കട്ടായിലെ തെരുവുകളിൽ ചെളിയിൽ കിടന്ന മനുഷ്യരെ കോരിയെടുത്തിട്ടാവും. മണ്ണും ചെളീം കൈയേൽ പറ്റിയാൽ പിന്നെ ഇങ്ങനെ ആകാതിരിക്കുമോ'. ഒരു ദിവസം മിസ്സിസ് ഫോങ്ങിൻ്റെ ഷോപ്പിലെ ഭീമൻ ബില്ല് അടച്ചു പുറത്തു വരുമ്പോൾ എൻ്റെ അന്നത്തെ വായനയുടെ പൊരുൾ ഞാൻ അവളെ ധരിപ്പിച്ചു .**

**'എന്തോ പറഞ്ഞാലും എൻ്റെ കൈയും വെരലും അതുപോലിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല'. അവൾ തീർത്തു കൽപ്പിച്ചു. 'ഞാൻ അവരെപ്പോലെ മഠത്തിലമ്മ ഒന്നും അല്ലല്ലോ. എൻ്റെ ജോലി സ്ഥലത്ത് എനിക്ക് ഒരു കോൺഫിഡൻസ് വേണേൽ എൻ്റെ കൈയും, വെരലും അപ്പിയറൻസും നന്നാവണം'.**

'ഇന്ന് ഞാൻ രണ്ടു കൈകളും പൊള്ളി വികൃതമായ ഒരു അമേരിക്കൻ ലേഡി ഷെഫിൻെറ ചരിത്രം വായിച്ചു കേട്ടോ. അവർ ഇപ്പോൾ ഒരു രസ്ടറണ്ട് ശ്രിങ്കലേടെ ഒടമയാ. സുധാ ചന്ദ്രനെക്കുറിച്ച് നീ കേട്ടിട്ടില്ലേ. ഒറ്റക്കാലിൽ നൃത്തം ചെയ്യുന്ന സ്ത്രീ. സ്റ്റീഫൻ ഹോകിംഗിനെ നോക്ക്. ഇരുപത്തൊന്നു വയസ്സിൽ എ എൽ എസ് എന്ന രോഗത്തിനടിമയായി. വീൽ ചെയറിലായി. എന്നിട്ടും തിയററ്റിക്കൽ ഫിസിക്സിലെ അതികായകൻ. എഴുപതു കഴിഞ്ഞിട്ടും ഇപ്പോഴും ജീവിക്കുന്നു. ഹെലെൻ കെല്ലർ എന്ന വനിതക്ക് ചെറുപ്പത്തിലെ ബ്രെയിൻ ഫീവർ വന്നു മൂകയും ബധിരയുമായി. എന്നാലും ഉന്നത വിദ്യാഭാസം നേടിയ അവർ വികലാംഗരുടെ ഇടയിൽ പ്രവർത്തിച്ചു കീർത്തി നേടി. ഇവരെല്ലാം എന്തെങ്കിലും കുറവുള്ളോരാരുന്നു . പക്ഷേ അതവരെ വെഷമിപ്പിച്ചില്ല, മനസ്സ് തളർ ത്തിയില്ല , മുന്നേറുവാനുള്ള ഊർജമായി ആ കുറവുകൾ. അവര് ലോകത്തിനു നേടിക്കൊടുത്തത് വളരെ വലുതല്ലേ. നിനക്ക് ഇങ്ങനെ അപകർഷതാ ബോധം തോന്നേണ്ട കാര്യമൊന്നുമില്ല. കൈയ്ക്ക് ഒരു ഭംഗിക്കുറവുണ്ടെന്നൊരു തോന്നൽ മാത്രമേയുള്ളല്ലോ. ഈ നീണ്ട വിരലുകൾക്ക് ചിത്രം വരയ്ക്കാനുള്ള കഴിവുണ്ടല്ലോ'. ഞാൻ പോസിറ്റീവ്

**തിങ്കിംഗ് അവളിൽ ഇത്തിരിയെങ്കിലും കുത്തിത്തിരുകാൻ ഒരു നീണ്ട പ്രസംഗം തന്നെ നടത്തി. അവൾ അപ്പോൾ നാട്ടിൽ നിന്നെത്തിച്ച സുമീത് മിക്സിയിൽ അരച്ചെടുത്ത പച്ചമഞ്ഞൾ പുരട്ടിയ കൈകൾ ആകാശത്തേക്ക് ഉയർത്തിപ്പിടിച്ച് ഇരിക്കയായിരുന്നു.**

**' ചേട്ടൻ ഇനി ഒന്നും പറയേണ്ട. എനിക്കെന്തായാലും ഇതിനെക്കുറിച്ച് നല്ല വിഷമം ഉണ്ട്. അതു മാറുമെന്നു തോന്നുന്നില്ല. ഞാൻ തനിയെ മാനേജു ചെയ്തോളാം'. നെറ്റിയിലേക്ക് വഴുതി വീണ മുടിയിൽ മഞ്ഞൾ പുരളാതെ കൈത്തണ്ടയുടെ പുറകു വശം കൊണ്ടു നേരെയാക്കി അവൾ പറഞ്ഞു.**

**എൻറെ സ്വാന്തന വാക്കുകൾ ഒന്നും അവളെ ആശ്വസിപ്പിച്ചില്ല എന്ന് വ്യക്തം.**

**സംഭവ ബഹുലമായ കുറേ വർഷങ്ങൾ ഞങ്ങൾക്കു മുൻപിൽ കൈവീശി യാത്രയായി. ഒരുപിടി ജീവിതാനുഭവങ്ങളുടെ ഭാണ്ഡം അഴിച്ചു പരിശോധിച്ചു പഠിക്കാൻ ബാക്കി വെച്ചിട്ട്. വരൾച്ച കാട്ടി നിൽക്കുന്ന എൻറെ ശിരസ്സിലെ ബാക്കിയായ വെളുത്ത വരകൾക്ക് കനം വെച്ചപ്പോൾ സഹജീവികളോടുള്ള എൻറെ കരുണ പൊടുന്നനെ വർദ്ധിച്ചു.**

ഈ പ്രവാസ ഭൂമിയിൽ ഞാൻ ഒരു വോളണ്ടിയർ ജോലി ആരംഭിച്ചു. ഹോസ്പിടൽ എൽഡർ ലൈഫ് പ്രോഗ്രാം (ഹെൽപ്പ്). വൃദ്ധ മനുഷ്യർ രോഗികളായി കിടക്കുന്ന വാർഡുകളിൽ അവരെ സന്ദർശിക്കുക, അവർക്ക് പത്രം വായിച്ചു കൊടുക്കുക, അവരുടെ ജീവിത കഥകൾ അനുഭാവപൂർവം കേൾക്കുക, ഭക്ഷണം എടുത്തു കൊടുക്കുക തുടങ്ങിയ ജോലികൾ..

ജീവിതം സായാന്ഹവും, ത്രിസന്ധ്യയും പിന്നിട്ട് കനത്ത കൂരിരുട്ടിലെത്തി നിൽക്കുന്ന ഇവരുടെ കഥകൾ എൻറെ കണ്ണ് തുറപ്പിച്ചു. തോന്നുമ്പോൾ എത്തുന്ന മക്കളും കൊച്ചുമക്കളും. ആരെയും കാത്തിരിക്കാനില്ലാത്തവർ. ഏകാന്തതക്ക് കൂട്ടിരിക്കാൻ വിധിക്കപ്പെട്ടവർ.

പോളണ്ടുകാരി ഒരു ക്രിസ്ടീനയുടെ കഥ ഒരിക്കൽ ഞാൻ കേട്ടു. അവർ പറഞ്ഞു. 'നിങ്ങൾ ഹോളോക്കോസ്റ്റിനെക്കുറിച്ച് കേട്ടിട്ടുണ്ടാവുമല്ലോ. രണ്ടാം ലോകമഹായുദ്ധകാലത്ത് അതായത് നാൽപ്പതുകളിൽ ജർമനി ഭരിച്ച ഹിറ്റ്ലർ യൂറോപ്പിലുള്ള ജർമൻകാരെ കൊന്നൊടുക്കാൻ ഉത്തരവിടുന്നു. പത്തു മില്ല്യൻ ആൾക്കാരെ കൊന്നെന്നാ പറയുന്നത്. ജർമൻ പട്ടാളം പോളണ്ടിലും എത്തി.

'യഹൂദന്മാരെ ഒറ്റപ്പെടുത്തി 'ഗെറ്റോകളിൽ' താമസിപ്പിച്ചു പീഡിപ്പിക്കുന്നു. അന്നെനിക്ക് പതിനൊന്നു വയസ്സ്. എൻറെ അനിയന് മൂന്നും. ആ ക്യാമ്പുകളിൽ മനുഷ്യരെ കൊന്നുടുക്കാൻ തുടങ്ങിയപ്പോൾ എൻറെ കുടുംബം ഒരു രാത്രി പട്ടാളത്തിൻറെ കണ്ണുവെട്ടിച്ചു രക്ഷപെടുന്നു. സ്ലാബു മാറിക്കിടന്ന ഒരു ഓടയിൽ അഭയം പ്രാപിക്കുന്നു. പിന്നെ പതിനൊന്നു മാസം അതായിരുന്നു ഞങ്ങളുടെ വീട്'.

'നാറുന്ന ഓട. ചുറ്റും എലികൾ ഓടി നടക്കുന്നു. എൻ റെ അനുജൻ എന്നും കരച്ചിലായിരുന്നു. അവൻറെ ശബ്ദം പുറം ലോകം കേൾക്കാതിരിക്കാൻ അമ്മ പാടുപെട്ടു. അവൻറെ വായ പൊത്തിപ്പിടിച്ചു, പഴന്തുണി തിരുകി. അപ്പോൾ അവൻ കൂടുതൽ ഉച്ചത്തിൽ കരഞ്ഞു'.

'ഓട നന്നാക്കാൻ വന്നിരുന്ന ജീവനക്കാർ ഞങ്ങൾ ക്ക് ഭക്ഷണം കൊണ്ടുത്തന്നു. ബാക്കി വരുന്ന റൊട്ടി എലികൾ തിന്നാതിരിക്കാൻ ഡാഡ് പാടു പെട്ടു. മഴക്കാലത്ത് ഓടയിൽ വെള്ളം കൂടിയപ്പോൾ ജീവനക്കാർ ഞങ്ങളെ വലിയ ഒരു ഓടയിലേക്ക് കൊണ്ടു പോയി. ഡാഡ് ചിലപ്പോൾ പുറത്തു പോയി വായിൽ കടിച്ചു പിടിച്ച് ബക്കറ്റിൽ ഞങ്ങൾക്ക് വെള്ളം കൊണ്ടുവന്നിരുന്നു. ഞങ്ങൾ കുട്ടികൾക്ക്

മലേറിയ പിടിച്ചു. ആ നല്ലവരായ ഓടപ്പണിക്കാർ ഇല്ലായിരുന്നെങ്കിൽ ഞങ്ങൾ അന്നേ മരിച്ചു പോയേനെ'.

'പുറത്തു വണ്ടികൾ പോകുന്നതും കുട്ടികൾ കളിക്കുന്നതും ഞങ്ങൾക്ക് കേൾക്കാമായിരുന്നു. പക്ഷെ ഞങ്ങൾ എലികളുടെയും, പുഴുക്കളുടെയും അട്ടകളുടെയും ഇടയിലായിരുന്നു'.

അവർ നെടുവീർപ്പിട്ടു. ഞാൻ ആ കൈകളിൽ തലോടി. ചുക്കിച്ചുളിഞ്ഞ കൈകൾ. എല്ലുകളിൽ നേർത്ത ചർമ്മം പൊതിഞ്ഞ വിരലുകൾ. ഇല കൊഴിഞ്ഞ നേർത്ത ശിഖരങ്ങൾ പോലെയുള്ള രക്ത ധമിനികൾ. അവർക്ക് പ്രായം തൊണ്ണൂറു കഴിഞ്ഞിരിക്കുന്നു.

അവർ തുടർന്നു.

'ഒരു ദിവസം ജീവനക്കാർ ഒരു നല്ല ദൂതുമായി എത്തി. യഹൂദരരെ മോചിപ്പിക്കാൻ റഷ്യൻ പട്ടാളമിറങ്ങിയിരിക്കുന്നു. നിങ്ങൾക്ക് സുരക്ഷിതരായി പുറത്തു പോകാം'. ഞങ്ങൾ പുറത്തിറങ്ങി. വെയിലും മരങ്ങളും പൂക്കളും വാഹനങ്ങളും ഞങ്ങളെ അദ്ഭുതപ്പെടുത്തി. എൻറെ അനുജന് അതു താങ്ങാനായില്ല. പരിചയമില്ലാത്ത

ലോകം. അവൻ ഓടയിലേക്കു മടങ്ങണമെന്ന് വാശി പിടിച്ചു കരഞ്ഞു',

'അങ്ങനെ നാസികളുടെ പീഡനത്തിൽ നിന്നും രക്ഷ പെട്ട ചുരുക്കം ചിലരലിലൊരു കുടുംബമാണ് ഞങ്ങളുടേത്. പിന്നെ അഭയാർഥി ക്യാമ്പുകളിലും റഫ്യൂജിയായി കാനഡയിലും. ഡാഡും മമ്മും ബ്രദറും മരിച്ചു. എൻ്റെ രണ്ടു മക്കൾ കാലിഫോർ ണിയായിലും ഞാനൊറ്റക്ക് ഇവിടെ ഒരു ഓൾഡ് എജ്ഡ് ഹോമിലും'. അവരുടെ വിറയാർന്ന ചുണ്ടുകൾ നനക്കാൻ കുറച്ചു വെള്ളം ഞാൻ നീട്ടിക്കൊടുത്തു..

എങ്ങനെ എത്രയെത്ര കഥകൾ. ജീവിതത്തിനു ഒരു പുതിയ മാനം വന്നപോലെ എനിക്ക് തോന്നി. ഈ പുതിയ അറിവുകൾ ഞാൻ കൃത്യമായി വീട്ടിൽ എത്തിച്ചു. എന്നോടൊപ്പം 'ഹെൽപിൽ' ചേരാൻ ഒരു ദിവസം ഞാൻ അവളെയും ക്ഷണിച്ചു 'ഇനിയും അതിൻ്റെ ഒരു കൊറവേയുള്ളൂ. എൻ്റെ ഈ വൃത്തികെട്ട കൈ കാണുമ്പോഴേ അവർ തിരിഞ്ഞു കിടക്കും'. അവൾ.

പിന്നീടൊരിക്കൽ ഒരു ഐറിഷ് സ്ത്രീയെക്കണ്ടു. ആ കഥയും വീട്ടിലെത്തി.

**രോഗക്കിടക്കയിൽ അവർ ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരുന്ന 'എനിക്കെത്രയും പെട്ടെന്ന് വീട്ടിൽ പോകണം'.**

**'എന്താണ് ധൃതി മിസ്സിസ് ഫ്ലെച്ചെർ, അസുഖം കുറയണ്ടേ'. ഞാൻ.**

**'എൻറെ പ്രിയപ്പെട്ട ഓപ്പെറ എന്ന നായയെകെന്നലിൽ എൽപ്പിച്ചിരിക്കുകയാണ്. അവളെന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും. എനിക്കവളെ ശരിക്കും മിസ്സ് ചെയ്യുന്നു. അവടെ ഭക്ഷണമൊക്കെ ശരിയാകുന്നുണ്ടാവുമോ ആവോ?. മാസത്തിൽ ഒരിക്കൽ ഞാൻ അവൾക്കൊരു ട്രീറ്റ് കൊടുക്കുന്നതാ. ഒരു പ്രത്യേക ഭക്ഷണം. അതൊന്നും അവർ കൊടുക്കില്ല. അടുത്ത മാസം ക്രിസ്ത്മസ് വരുന്നു. എല്ലാ ക്രിസ്മസിനും അവൾക്ക് ഒരു സമ്മാനം കൊടുക്കും. ചുരുളാൻ ഒരു മെത്തയോ കളിപ്പാട്ടമോ മറ്റോ. അതെനിക്ക് പറ്റാതാവുന്നത് ഓർക്കാൻ വയ്യ'.**

**അടുത്തവട്ടം ചെന്നപ്പോൾ അവർ കടുത്ത നിരാശയിലാരുന്നു.**

**'ഇനിയും എൻറെ വീട്ടിലേക്കില്ല, ഓൾഡ് ഏജ്ജ് ഹോമിൽ പോകണമെന്ന് മക്കൾ പറയുന്നു. അവർ ഓപ്പറയെ മറ്റാർക്കോ കൊടുത്തു, എന്നോട്**

ചോദിക്കാതെ, അവസാനമായി എന്നെ ഒന്നു കാണിക്കാതെ'. അവർ പൊട്ടിക്കരഞ്ഞു.

ഈ ദാരുണ കഥകൾ അവളിൽ പതിയെ മാറ്റമുണ്ടാക്കി. അവസാനം അവളും എന്നോടൊപ്പം ചേരുവാൻ തീരുമാനിച്ചു. ഹോസ്പിറ്റലിൽ പോകുന്ന ആഴ്ചകളിൽ കൈകൾ കൂടുതൽ മിനുക്കി.

'ഹെ, മിസ്സിസ് ഫോങ്ങ് വിയറ്റ്നാമിൽ പോകുന്നെന്ന്, രണ്ടു മാസത്തേക്ക്, വേറെ എങ്ങും പോയാൽ എനിക്ക് തൃപ്തിയില്ല'.

അങ്ങനെ കൈമിനുക്കാതെ അവൾ ജോലിക്കുപോയി. വോളന്റിയറിൻറെ ചുവന്ന കുപ്പായമണിഞ്ഞു. നെയിം പ്ലേറ്റും വച്ചു. നോ വൺ ഡൈസ് എലോൺ (നോഡ) എന്ന പ്രോഗ്രാമിൻറെ ഭാഗമായി. ആരുമില്ലാത്തവരും, മക്കൾ ഉപേക്ഷിച്ചവരും , മക്കളും സ്വന്തക്കാരും ദൂരെയായിരിക്കുന്ന രോഗികൾ മരിക്കുന്ന സമയം അവരുടെ അടുത്തിരിക്കുക എന്ന ജോലി. നാൽപ്പത്തെട്ടു മുതൽ എഴുപത്തെട്ടു മണിക്കൂറുകൾക്കുള്ളിൽ മരിക്കുമെന്ന് ഡോക്ടർ പ്രവചിച്ച രോഗികളാണിവർ. ഒരു മനുഷ്യനും മരിക്കുമ്പോൾ തനിയെയായിരിക്കല്ല് എന്ന സിദ്ധാന്തം.

**ഒരു ദിവസം ഇൻറെൻസീവ് കെയർ യൂണിറ്റിൽ അത്യാസന്ന നിലയിൽ കിടന്ന ഒരു സ്ത്രീയുടെ കൈപിടിച്ച് കിടക്കക്കരികിൽ മണിക്കൂറുകൾ ചിലവഴിച്ച ശേഷം അവൾ വിഷമിച്ചു വീട്ടിലെത്തി. ഒരു മിസ്സസ് കെല്ലി. മകൻ കനേഡിയൻ ആംഡ് ഫോർ സിൽ പട്ടാളക്കാരനായിരുന്നു. അയാൾ അഫ്ഗാനിസ്ഥാനിൽ ലാൻഡ് മൈനിൽ കൊല്ലപ്പെട്ടു. ഒരു വർഷം മുൻപാണ് അവർക്ക് പാൻക്രിയാട്ടിക് കാൻസർ കണ്ടു പിടിച്ചത്.**

**‘ എൻറെ മകൾക്ക് എന്നോട് പിണക്കമാണ്. കാരണം എസ്റ്റേറ്റ് വിഭജിച്ചപ്പോൾ മരിച്ചു പോയ മകൻറെ ഭാര്യയ്ക്ക് ഒരു ഭാഗം എഴുതി വെച്ചു. അവൾ എന്നെ വിളിച്ചിട്ട് നാല് വർഷമായി. കാൻ സറാണെന്ന് ഈമെയിൽ അയച്ചു. ഫോണിൽ വിളിച്ചു മെസ്സേജ് ഇട്ടു. അവളെയും മക്കളെയും മരിക്കുന്നതിനു മുൻപ് കാണണമെന്നുണ്ട് എന്ന് പറഞ്ഞു. ഒന്നിനും മറുപടിയില്ല. കൊച്ചുമകന് ഇപ്പോൾ പതിനെട്ട് വയസ്സുണ്ട്. അല്ലാ വീക്കെൻണ്ടിലും എൻറെ ഭർ ത്താവ് അവനെ കൂട്ടി ഫിഷിങ്ങിനു പോയിരുന്നു. ആ യമഹ ബോട്ട് അവനു കൊടുക്കാമെന്നു പറഞ്ഞതാണ്”. അവനെയും കാണാൻ കൊതിയായി. എന്നെങ്കിലും അവൻ വരുമോ ആവോ?’. അവരുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു.**

**'പിന്നെ ഒരു ദിവസമേ അവർ ജീവിച്ചുള്ളു. അവർ മരിക്കുന്നെന് മുൻപ് എന്നോട് മറ്റൊരു കാര്യം പറഞ്ഞു'.**

**'എന്തു കാര്യം?. സ്വത്ത് വല്ലോം നിനക്കെഴുതി വെച്ചെന്നാവും', തമാശയാണെങ്കിലും പറഞ്ഞു കഴിഞ്ഞപ്പോൾ അത് അനവസരത്തിലായിപ്പോയി എന്നെനിക്ക് തോന്നി.**

**'എന്നാ ഞാനിപ്പം പറയുന്നില്ല. എൻ്റെ മനസ്സിൽ തന്നെ ഇരിക്കട്ടെ'. അവൾ. എൻ്റെ ആ വാക്കുകൾ അവളിൽ അലസോരമുണ്ടാക്കിയെന്നു തീർച്ച.**

**ദിവസങ്ങൾക്കുശേഷം ഞാനവളുടെ നഖങ്ങൾ ശ്രദ്ധിച്ചു. നീണ്ടു കൂർത്ത നഖങ്ങൾക്ക് നീളം കുറഞ്ഞു. ഒലിവെണ്ണ പുരട്ടി മൃദുലമാക്കിയിരുന്ന കൈവിരലുകളിൽ എണ്ണ വറ്റി വരണ്ടു. 'ഹെന്ന'യുടെ ചിത്രങ്ങൾ മാഞ്ഞു.**

**വിയത്നാമിൽ നിന്നും തിരികെയെത്തിയ മിസ്സിസ് ഫോങ്ങ് വിളിച്ചു. ഞാനാണ് ഫോൺ എടുത്തത്. അവരാണെന്ന് പറഞ്ഞപ്പോൾ ഞാനിവിടെയില്ലെന്നു പറയാൻ പറഞ്ഞു. ഇവൾക്കിതെന്തു പറ്റി?. വളരെ സെൻസിറ്റീവ് വിഷയമായതിനാൽ ഒരു ചർ ച്ചയാക്കേണ്ടെന്നു കരുതി. എങ്കിലും എൻ്റെ ആകാംക്ഷ കൂടി വന്നു.**

'ആ വിയത്നാമി സ്ത്രീ വിളിച്ചിരുന്നു കേട്ടോ. ഇപ്പോൾ പലപ്രാവശ്യമായി'.

'ഞാൻ തിരികെ വിളിക്കാം'. അവൾ.

ദിവസങ്ങൾ പലതു കഴിഞ്ഞു. അവൾ തിരിച്ചു വിളിച്ചെന്ന് തോന്നുന്നില്ല. ഞാൻ മൌനം പാലിച്ചു.

അന്നൊരു ക്രിസ്മസ് പ്രഭാതം . ഉദയ സൂര്യന് മുൻപേ ഉണർന്ന ഞാൻ കിടപ്പുമുറിയുടെ ചില്ലു ജനൽ പാളിയിലൂടെ പുറത്തേക്ക് നോക്കിക്കിടന്നു. വെളുത്ത പുതപ്പിട്ടു നിൽക്കുന്ന വീടുകളുടെ കൂരയിൽ പലവർണ്ണ വിളക്കുകൾ പ്രകാശിച്ചു നിൽക്കുന്നു. അവൾ ഇപ്പോഴും ഉറക്കമാണ്. രാത്രിവീണ മഞ്ഞുകൊണ്ട് മേനി പുതച്ചു നിൽക്കുന്ന പൈൻ മരങ്ങൾ. റോബിൻ പക്ഷികൾ അവയുടെ ശിഖരങ്ങളിലൂടെ പറന്നു നടന്നു മഞ്ഞു മഴകൾ തീർക്കുന്നു. യഥാർത്ഥത്തിൽ ഒരു വൈറ്റ് ക്രിസ്മസ്.

